ജനുവരി 2021

Price ₹ 25

# ജീവനും വെളിച്ചവും





കുടുംബപ്രേഷിത ശുശ്രൂഷ
തിരുവനന്തപുരം ലത്തീൻ അതിരൂപത

# കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള
# വിവാഹ ഒരുക്ക സെമിനാറുകൾ

**2021, ജനുവരി 8 & 9 (വെള്ളി, ശനി)**
**മഡോണ ഹാൾ, കൊച്ചുപള്ളി**

**2021, ജനുവരി 14 & 15 (വ്യാഴം, വെള്ളി)**
**അനുഗ്രഹ ഭവൻ, മേനംകുളം**

**2021, ജനുവരി 22 & 23 (വെള്ളി, ശനി)**
**ലിറ്റിൽ ഫ്ളവർ പാരിഷ് ഹാൾ, വെള്ളയമ്പലം**

- ദ്വിദിന സെമിനാർ രാവിലെ 8.00 ന് ആരംഭിച്ച് വൈകുന്നേരം 5 മണിക്ക് സമാപിക്കും.
- മുൻഗണനാക്രമത്തിൽ കുടുംബശുശ്രൂഷ കാര്യാലയത്തിൽ നിന്ന് വിളിച്ചറിയിച്ചവർക്ക് മാത്രമേ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
- പങ്കെടുക്കുന്നവർ കോഴ്സ് രസീത്, റീഫണ്ട് രസീത്, പാസ്പോർട്ട് സൈസ്സ് ഫോട്ടോ എന്നിവ കൊണ്ടുവരണം. മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.
- അടുത്ത കോഴ്സിനെ കുറിച്ചുള്ള വിശദവിവരം പിന്നാലെ അറിയിക്കും.

ഫാ. എ ആർ ജോൺ
ഡയറക്ടർ, കുടുംബ ശുശ്രൂഷ

**വിശദ വിവരങ്ങൾക്ക് 93872 96213**

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ജനുവരി
പുസ്തകം - 45 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)



ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# പുത്തൻ പ്രതീക്ഷകളുമായി...

കാലചക്രത്തിലെ ഒരിതൾകൂടി കൊഴിഞ്ഞ് വീഴുകയാണ്.
വളരെയേറെ ഉദ്വേഗജനകമായ 2020.
മുഖംമൂടി, ഭൗതിക അകലം, സാനിറ്റൈസർ, കൈകഴുകൽ
തുടങ്ങി പതിവില്ലാക്രമങ്ങളുമായി വന്നകാലം.
ആരോഗ്യപ്രവർത്തകർ, പൊതുപ്രവർത്തകർ, കുടിയേറ്റക്കാർ,
ഭരണകർത്താക്കൾ തുടങ്ങി നാനാ മേഖലകളെയും ആശങ്കയുടെ
കരിനിഴലിലാഴ്ത്തി. വിദ്യാഭ്യാസ, തൊഴിൽ, വിനോദ സഞ്ചാരം,
സാംസ്കാരിക കൂട്ടായ്മ തുടങ്ങി
സമസ്തമേഖലകളെയും ചുഴറ്റിയെറിഞ്ഞു.
പ്രസിദ്ധീകരണ രംഗം തുടങ്ങിയ മേഖലകൾ നിശ്ചലമായി.
ജീവനും വെളിച്ചവും വഴിമുടങ്ങി...
വായനക്കാർ ഉൾക്കൊള്ളുമല്ലോ.
കൊറോണ ജനിതകമാറ്റങ്ങളിലൂടെ വീണ്ടും
അരങ്ങുതകർക്കുമ്പോഴും പുത്തൻ ചുവടുവയ്പിനൊരുങ്ങുകയാണ്,
വെർചൽ സങ്കേതത്തിലൂടെ. ഏപ്രിൽ മുതൽ
അച്ചടിയിലേക്ക് മടങ്ങാനാകുമെന്നാണ് പ്രതീക്ഷ.
വായനക്കാരുടെയും കുടുംബകൂട്ടായ്മകളുടെയും
ശുശ്രൂഷകളുടെയും അകമഴിഞ്ഞ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്....
ദുരനുഭവങ്ങൾ പുത്തൻവെളിച്ചത്തിലേക്ക് നയിക്കുമല്ലോ -
ഫ്രാൻസിസ് പാപ്പാ "നല്ലൊരു ഭാവിയിലേക്കുള്ള പാത
നമുക്ക് സ്വപ്നം കാണാം" - എന്ന ഗ്രന്ഥത്തിലൂടെ
ഉത്ബോധിപ്പിക്കുന്നതുപോലെ.

കാലത്തിന്റെ മർമ്മരങ്ങളും, നൊമ്പരങ്ങളും പുതിയ ക്രമം പടുത്തുയർത്താനുള്ള ആഹ്വാനമാണ്. സാമൂഹ്യ, സാംസ്കാരിക, ആത്മീയ, സാമ്പത്തിക, രാഷ്ട്രീയ ക്രമങ്ങളിലുൾപ്പെടെ കൊറോണ മഹാമാരിയെ അതിജീവിക്കാൻ ധീരമായി പോരാടി ജീവൻ ത്യജിച്ചവരെയും, ഈ വ്യാധിയുടെ ദുരിതം പേറി മൺമറഞ്ഞവരെയും മനസ്സിൽ പ്രതിഷ്ഠിക്കാം. അവരുടെ ധീരസ്മരണകൾക്ക് മുന്നിൽ ആദരവർപ്പിക്കുന്നു.

പുതുവത്സരം പുത്തൻ പ്രതീക്ഷകളുണർത്തട്ടെ!
പുതുവത്സരാശംസകളോടെ...

- പത്രാധിപർ

# 2021 - ലെ അതിരൂപതാ അവധി ദിനങ്ങൾ

എല്ലാ ഞായറാഴ്ചകളും രണ്ടാം ശനിയാഴ്ചകളും

| | | |
|---|---|---|
| ജനുവരി 1 (വെള്ളി) | - | ദൈവമാതാവിന്റെ തിരുന്നാൾ |
| ജനുവരി 26 (ചൊവ്വ) | - | റിപ്പബ്ലിക് ദിനം |
| ഫെബ്രുവരി 2 (ചൊവ്വ) | - | അതിരൂപതാധ്യക്ഷന്റെ മെത്രാഭിഷേകദിനം |
| മാർച്ച് 19 (വെള്ളി) | - | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| ഏപ്രിൽ 1 മുതൽ 4 വരെ (വ്യാഴം, വെള്ളി, ശനി, ഞായർ) | - | ഈസ്റ്റർ അവധി |
| മെയ് 1 (ശനി) | - | തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുനാൾ |
| ആഗസ്റ്റ് 15 (ഞായർ) | - | സ്വാതന്ത്ര്യദിനം, മാതാവിന്റെ സ്വർഗാരോപണ തിരുനാൾ |
| ആഗസ്റ്റ് 20, 21 & 22 (വെള്ളി, ശനി, ഞായർ) | - | ഓണം അവധി |
| ഒക്ടോബർ 2 (ശനി) | - | ഗാന്ധി ജയന്തി |
| നവംബർ 2 (ചൊവ്വ) (ഉച്ചകഴിഞ്ഞ്) | - | മരിച്ചവരുടെ ഓർമ്മദിനം |
| നവംബർ 12 (വെള്ളി) (ഉച്ചകഴിഞ്ഞ്) | - | |
| നവംബർ 25 (വ്യാഴം) | - | ക്രിസ്തുരാജത്വ തിരുനാൾ |
| ഡിസംബർ 23 മുതൽ 26 വരെ (വ്യാഴം, വെള്ളി, ശനി, ഞായർ) | - | ക്രിസ്തുമസ് അവധി |

## തിരുവനന്തപുരം അതിരൂപതാതല ബി.സി.സി. യൂണിറ്റ്, ഇടവക, ഫെറോന, നവനേതൃത്വത്തിന്റെ തിരഞ്ഞെടുപ്പ്- സമയക്രമം

| | |
|---|---|
| **2021 ജനുവരി 01 - 10** | ഇടവക കൗൺസിൽ രൂപീകരണം. |
| **2021 ജനുവരി 02 ശനിയാഴ്ച 10.30 am - 01.00 pm** | അതിരൂപതാതലത്തിൽ പരിശീലകർക്കുള്ള പരിശീലനം (ഇടവകതലത്തിൽ ഇടവക കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകുന്നവർക്കായുള്ള പരിശീലനം). ഓരോ ഫെറോനയിൽ നിന്നും ഓരോ ശുശ്രൂഷകൾക്കായി 3 പേരെ വീതം ഫെറോന വികാരിമാർ പങ്കെടുപ്പിക്കുക. |
| **2021 ജനുവരി 11 - 31** | ഇടവക കൗൺസിൽ അംഗങ്ങൾക്ക് ഇടവകതലത്തിൽ ഫെറോനാവികാരിയുടെ നേതൃത്വത്തിൽ പരിശീലനം. |
| **ഫെബ്രുവരി 02** | പുതിയ ഇടവക കൗൺസിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നു. |
| **ഫെബ്രുവരി 02 - 07** | പ്രഥമ ഇടവക കൗൺസിൽ യോഗം. ഇതിൽ കൗൺസിൽ ഭാരവാഹികളെയും, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ പ്രതിനിധിയെയും, ഇടവക സാമ്പത്തിക സമിതി അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു. |
| **ഫെബ്രുവരി 06 - 21** | ഫെറോന വികാരിയുടെ നേതൃത്വത്തിൽ ഫെറോനാതലത്തിൽ സാമ്പത്തിക സമിതി അംഗങ്ങൾക്കുള്ള പരിശീലനവും, സാമ്പത്തിക സമിതികളുടെ സത്യപ്രതിജ്ഞയും. സത്യപ്രതിജ്ഞയിൽ സമിതിയുടെ പ്രസിഡന്റായ ഇടവക വികാരി നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. |
| **ഫെബ്രുവരി 07 - 14** | ഫെറോന കൗൺസിൽ, മറ്റ് ഫെറോന സമിതികൾ എന്നിവയുടെ രൂപീകരണം. |

# കോവിഡാനന്തര കേരളത്തിനൊരു
# പുത്തൻ
# വികസന പരിപ്രേക്ഷ്യം



**ഫാ. യൂജിൻ എച്ച്. പെരേര**
സിബിസിഐ
ലേബർ മിനിസ്ട്രി സെക്രട്ടറി

**കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രവർത്തനമികവ് ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. ഈ രംഗത്ത് വരാനിരിക്കുന്ന അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനത്തിലൂടെ മനുഷ്യവിഭവശേഷി വികസിപ്പിച്ച് രാജ്യാന്തര ആവശ്യങ്ങളിലേക്ക് വിന്യസിപ്പിക്കാനാകണം.**

ഓരോ പ്രതിസന്ധിയും പുത്തൻ അവസരങ്ങൾക്ക് വഴിതുറക്കുകയാണ്. ലോകമെമ്പാടും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കോവിഡ് മഹാമാരി വികസിത രാജ്യങ്ങളുടെ ഉൾപ്പെടെ സമ്പദ്‌വ്യവസ്ഥ, തൊഴിൽ, കലാ, കായിക, വ്യവസായ രംഗങ്ങളെ പിടിച്ചുലച്ചുകഴിഞ്ഞു. വ്യോമ ഗതാഗതം, മോട്ടോർ വ്യവസായം, വൻകിട മാളുകൾ, ആഡംബര വസ്തുക്കൾ, എണ്ണ-ഗ്യാസ്, വ്യവസായം, സ്പോർട്സ്, സിനിമ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളെ സാരമായി ബാധിക്കും എന്നാണ് വിദഗ്ധ അഭിപ്രായം. കോവിഡ് ഇളക്കി മറിച്ച നിലവിലെ വ്യവസ്ഥിതികൾ പുനഃനിർമ്മാണത്തിന് വഴിമാറണം.

## കേരളം സ്വീകരിക്കേണ്ട നടപടികൾ

580 കിലോമീറ്റർ ദൈർഘ്യമുള്ള കടലും, നാല്‌ത്തിനാലു നദികളും, അനേകം പുഴകളും തോടുകളും, അരുവികളും, കുളങ്ങളും കൊണ്ട് സമ്പുഷ്ടമാണ് കേരളം. കിഴക്കിന്റെ അനുഗ്രഹമായ സഹ്യാദ്രിയും, ഫലഭൂയിഷ്ഠമായ ഇടനാടും മനോഹരമായ തീരവും ചേർന്ന കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി പരിപോഷിപ്പിക്കാനുള്ള സുവർണാവസരമാണ്.

## 1. കാർഷിക മേഖലയുടെ പുനരുജ്ജീവനം

മറ്റ് സംസ്ഥാനങ്ങൾ തരംതിരിച്ച് വിളയിക്കുന്ന വിഷലിബ്ധമായ ഭക്ഷണം കഴിച്ചു രോഗാതുരമാകുന്ന മലയാളിയെ സംരക്ഷിക്കുന്നതിനായുള്ള നടപടികൾ നമ്മുടെ നാട് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. കാർഷികരംഗത്ത് കേരളത്തിനേക്കാൾ ജനസാന്ദ്രതയുള്ള നെതർലാൻഡ് ലോക ഭക്ഷ്യോല്പാദനരംഗത്ത് രണ്ടാം സ്ഥാനത്താണ്. കേരളത്തിലെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം, ടെറസ് കൃഷി ഉൾപ്പെടെ ഒരിഞ്ച് ഭൂമി പോലും തരിശിടാതെ ഭക്ഷ്യവിളകൾ വിളയിച്ചെച്ചെടുക്കണം. ഇതിനോടൊപ്പം മൃഗസംരക്ഷണം, പക്ഷി വളർത്തൽ എന്നിവയിലൂടെ ഭക്ഷ്യ ദൗർലഭ്യം ഇല്ലാതാക്കാം. പ്രകൃതിയുടെ വരദാനമായ സൗരോർജ്ജം, തിരമാലയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം എന്നിവകൂടി ആയാൽ ഊർജ്ജരംഗത്തെ പ്രതിസന്ധി മറികടക്കാനാകും. പാലുല്പാദന രംഗത്ത് കേരളത്തിന്റെ സ്വന്തം വർഗീസ് കുര്യൻ വികസിപ്പിച്ചെടുത്ത സഹകരണ മാതൃകയും, ചക്ക തുടങ്ങിയ ഫലങ്ങളുടെ മൂല്യവർധനവും വികസന രംഗത്തെ ഇ-മാർക്കറ്റ് സംവിധാനവും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.



## 2. മത്സ്യമേഖല

സമുദ്രമത്സ്യവും കായൽ മത്സ്യങ്ങളും കൊണ്ട് സമ്പുഷ്ടമാണ് കേരളം. ഇനിയും കടന്നുചെല്ലാനാകാത്ത ആഴക്കടൽ മത്സ്യബന്ധനം, നദീജല മത്സ്യബന്ധനം, മത്സ്യക്കൃഷി തുടങ്ങിയ മേഖലകളിലേക്കും, മത്സ്യത്തിന്റെ മൂല്യവർധന, ബ്രാൻഡിംഗ്, തീരംകേന്ദ്രീക

രിച്ചുള്ള വിതരണ ശൃംഖല, ഇ-മാർക്കറ്റിംഗ് എന്നിവ വികസന സാധ്യത മുന്നോട്ടുവയ്ക്കുന്നു.



## 3. പരിസ്ഥിതി സൗഹൃദ കേരളം

കേരളത്തിന്റെ പ്രകൃതി സംരക്ഷണ രംഗത്ത് കാലോചിതവും, കസ്തൂരിരംഗൻ കമ്മിറ്റി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനുള്ള ഇച്ഛാശക്തിയും കാണിക്കണം. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ വാരൽ, നദികളുടെയും തോടുകളുടെയും, കനാലുകളുടെയും തടസപ്പെട്ട കൈവഴികൾ തുറക്കൽ, ഫലവൃക്ഷങ്ങളുടെയും തണൽ വൃക്ഷങ്ങളുടെയും നടൽ, കടലിലേക്കും കായലുകളിലേക്കും വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനവും, പുനരുപയോഗവും തുടങ്ങി സംസ്ഥാനത്തെ പ്രകൃതി സൗഹൃദമാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 4. ദുരന്ത നിവാരണം:

ദുരന്തങ്ങൾ ഒരു തുടർക്കഥയായി മാറിയ ഈ കാലഘട്ടത്തിൽ ദുരന്തനിവാരണ സംവിധാനങ്ങളെ ജനകേന്ദ്രീകൃതമായി പരിഷ്കരിക്കണം. ഈ രംഗത്ത് ഉദ്യോഗസ്ഥരുടെ അംഗസഖ്യ കുറച്ച് വിവിധ മേഖലകളിൽ (ഉദാ: കാട്, കടൽ) പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി ഉപദേശ സമിതികൾ രൂപീകരിക്കണം. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം, സമുദ്ര ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക യൂണിവേഴ്സിറ്റികൾ എന്നിവയെ പങ്കാളികളാക്കണം. ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയെ കേന്ദ്രീകരിച്ച് ദുരന്തനിവാരണ പ്ലാനുകൾ, സുരക്ഷാ കർമ്മസമിതികൾ എന്നിവ രൂപീകരിച്ച് പൊതുജനങ്ങളെ ബോധവൽക്കരിച്ച്, അടിയന്തിരഘട്ടങ്ങളിലെ ദുരന്തനിവാരണം, രക്ഷാപ്രവർത്തനം എന്നിവയ്ക്കായി സജ്ജരാക്കണം.



## 5. ആരോഗ്യരംഗം

കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രവർത്തനമികവ് ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. ഈ രംഗത്ത് വരാനിരിക്കുന്ന അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനത്തിലൂടെ മനുഷ്യവിഭവശേഷി വികസിപ്പിച്ച് രാജ്യാന്തര ആവശ്യങ്ങളിലേക്ക് വിന്യസിപ്പിക്കാനാകണം. കൃത്യമായ കരാറുകളും, വ്യവസ്ഥകളും, രാജ്യാന്തര ഉടമ്പടികളും തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപപ്പെടുത്തണം. കൂടാതെ സംസ്ഥാനത്തെ പൊതുജനാരോഗ്യസംവിധാനങ്ങളിൽ കോവിഡ് കാലത്ത് ഉറപ്പുവരുത്തിയ കാര്യക്ഷമത തുടർന്നുകൊണ്ട് ആരോഗ്യസംരക്ഷണ രംഗത്ത് ലോകത്തിന് മാതൃകയാകാൻ കഴിയണം.

കേരളത്തിന്റെ നാടൻ ചികിത്സാവിധികൾ, ആയുർവേദം, മർമ്മചികിത്സ, പ്രകൃതിദത്തമായ ഔഷധങ്ങൾ, ഔഷധസസ്യങ്ങളുടെ പരിപാലനം, ഔഷധ നിർമാണം എന്നിവ പ്രോത്സാഹിപ്പിക്കണം. സമുദ്രാന്തർഭാഗത്ത് ലഭിക്കുന്ന പ്ലവകങ്ങളുടെയും, സസ്യങ്ങളുടെയും ഔഷധ മേന്മ പ്രചാരത്തിലെത്തിക്കണം. ഉത്തരവാദിത്വ ആരോഗ്യ-വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തണം.

## 6. വിനോദ സഞ്ചാരം

വിനോദ സഞ്ചാര രംഗത്ത് ഗണ്യമായ കുറവ് പ്രവചിക്കുന്നെങ്കിലും, കേരളത്തിന്റെ പ്രകൃതിരമണീയമായ കടൽ, മലനിരകൾ, നദികൾ എന്നിവ ഈ രംഗത്തെ സാധ്യത വർധിപ്പിക്കുന്നു. കൾച്ചറൽ ടൂറിസം, മെഡിക്കൽ ടൂറിസം, ഇക്കോ ടൂറിസം തുടങ്ങിയവ ഈ രംഗത്തെ വലിയ സാധ്യയാണ്. കടൽ സവാരി, കടൽത്തീര സവാരി, സ്കൂബാ ഡൈവിംഗ് തുടങ്ങിയ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. പ്രകൃതി രമണീയമായ മലയോര മേഖലയും, അനിമൽ പാർക്കുകളും മൂന്നാർ, ഇടുക്കി, മലബാർ, മുസൂരിസ്, കൊച്ചി, കോവളം, വർക്കല തുടങ്ങിയ മേഖലയും ഈ രംഗത്തെ സാധ്യത വർധിപ്പിക്കുന്നു.

## 7. വിവരസാങ്കേതിക രംഗം:

ലോകം വിവര സാങ്കേതിക രംഗത്ത് കുതിപ്പിനൊരുങ്ങിയപ്പോൾ തന്നെ കേരളത്തിൽ കെൽട്രോൺ സ്ഥാപിച്ച് വിവര സാങ്കേതിക രംഗത്തെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ സാങ്കേതിക വിദഗ്ധനായ കെ.പി.പി.നമ്പ്യാരെ കേരള സർക്കാർ ചുമതലപ്പെടുത്തി. തുടക്കത്തിലെ താളപ്പിഴകൾ സാധ്യതകളെ മന്ദീഭവിപ്പിച്ചെങ്കിൽ നമ്പ്യാർ തന്നെ നേതൃത്വം നൽകിയ ടെക്നോപാർക്ക് വലിയ മാറ്റത്തിന് വഴിതെളിച്ചു. ലോകസമ്പദ്വ്യവസ്ഥയും, സാങ്കേതിക രംഗങ്ങളും കിതച്ച് നിൽക്കുമ്പോഴും, വിവര സാങ്കേതിക രംഗത്തെ സാധ്യതകൾ വളരെ വലുതാണ്. ഈ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച വിദഗ്ധരും, വിദ്യാസമ്പന്നമായ യുവതലമുറയും വിദേശരാജ്യങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച് മടങ്ങുന്ന പ്രവാസികളും ഈ രംഗത്തെ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു.

## 8. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്

സാങ്കേതിക ശാസ്ത്രരംഗത്തെ കൃത്യത, വിവര വിശകലനത്തിലെ മികവ്, ആരോഗ്യ-ചികിത്സാരംഗത്തെ സാധ്യതകൾ, വാഹന-ഗതാഗത മേഖലയിലെ പരീക്ഷണങ്ങൾ, റോബോട്ടുകളുടെ സാന്നിധ്യം എന്നിവ വികസന രംഗത്ത് അനന്തമായ സാധ്യതകളിലേക്ക് വിരൽചൂണ്ടുന്നു. വളർന്നുവരുന്ന ഈ ശാസ്ത്ര-സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തി 'ഡിജിറ്റൽ കേരള' സൃഷ്ടിക്കാനാകണം. കൂടാതെ ഈ രംഗത്ത് രാജ്യത്തും രാജ്യാന്തരങ്ങളിലും ഉയർന്നുവരുന്ന തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്താനായാൽ കോവിഡ് സൃഷ്ടിച്ച മാന്ദ്യം, വലിയ ഒരു കുതിപ്പിനുള്ള അവസരമാക്കി മാറ്റാനാകും. ■



# കോവിഡാനന്തര വിശ്വാസ ജീവിതം

**ഡോ. ഡാർവിൻ പീറ്റർ**
അജപാലന ശുശ്രൂഷാ ഡയറക്ടർ
തിരു. അതിരൂപത

മാനവരാശി മുഴുവനും കോവിഡ് വാക്സിന്റെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പുറകിലാണ്. ശാസ്ത്രലോകം ഇന്നുവരെ പടുത്തുയർത്തിയ എല്ലാ നൂതന സാങ്കേതിക ശക്തികൾക്കും അധീതമാണ് മരണമെന്ന ബോധ്യം കോവിഡ് നല്കുന്നു. ലോകത്തെ സമ്പന്നരാജ്യങ്ങൾ പോലും കൊറോണയെന്ന 'കുഞ്ഞന്റെ' മുമ്പിൽ വിറങ്ങലിച്ചു നിൽക്കുന്നു. പ്രപഞ്ചക്രമത്തിൽ ആകെയൊരു വ്യതിയാനം ദൃശ്യമായിരിക്കുന്നു. പുഴയും താഴ്‌വരകളും ശുദ്ധീകരിക്കപ്പെട്ടു. വീഥികളിൽ മനുഷ്യനുപകരം പക്ഷികളും മൃഗങ്ങളും സൈര്യമായി വിഹരിച്ചു. മനുഷ്യനെന്ന വൈറസിനെ കോവിഡെന്ന ആന്റി വൈറസുകൊണ്ട് പ്രപഞ്ചം നേരിടുകയാണോ?

കോവിഡ് എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ടാണ് സഭാനൗകയുടെ പ്രേക്ഷിത യാത്ര മുന്നോട്ടു നീങ്ങുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സഭാ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും സഭാസ്ഥാപനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിട്ടു നൽകുകയും ചെയ്തു. സഭയുടെ സമ്പത്തും സാഹചര്യങ്ങളും കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ ഉപയോഗിച്ചത് ഏവരാലും പ്രശംസിക്കപ്പെട്ടു.

കുടുംബമാണ് ഏതൊരുവന്റെയും അടിസ്ഥാന അഭയ കേന്ദ്രമെന്ന് കൊറോണ കാലം പഠിപ്പിക്കുന്നു. അന്യദേശങ്ങളിലേക്ക് ചേക്കേറിയവർ വീടണയാൻ കൊതിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നതുപോലെ 'കുടുംബം ഗാർഹികസഭ' എന്ന ചിന്തയിൽ കുടുംബത്തെ ദേവാലയമാക്കി മാറ്റിയ അനുഭവങ്ങളും കോവിഡ് കാലം സമ്മാനിച്ചു. ആദിമക്രൈസ്തവ സമൂഹത്തെ പോലെ, ഭവനത്തിൽ ഒരുമിച്ചു കൂടി പ്രാർഥന, വചനം പങ്കുവയ്ക്കൽ, അപ്പം മുറിക്കൽ എന്നീ ശുശ്രൂഷകളുടെ അന്തഃസത്ത കോവിഡ്കാലത്ത് അനേകം ഭവനങ്ങൾ അനുഭവിച്ചു.

നമ്മുടെ അജപാലനശുശ്രൂഷ പ്രവർത്തനങ്ങൾ കുടുംബകേന്ദ്രീകൃതമാകണം. ഗൃഹാന്തരീക്ഷത്തിന്റെ തണലിൽ കുടുംബബന്ധങ്ങൾ പുനസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും വഴി ഒരു നവീന അജപാലനശുശ്രൂഷ രൂപം കൊള്ളേണ്ടതായിട്ടുണ്ട്. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർഥിക്കുവാനും ഭക്ഷണം കഴിക്കുവാനും ചർച്ച ചെയ്യുവാനും വീട് വേദിയാകണം. കോവിഡാനന്തര കാലഘട്ടത്തിലെ സഭാജീവിതവും ഊന്നൽ നല്കേണ്ടത് ഭവനങ്ങളെ കേന്ദ്രീകരിച്ചായിരിക്കണം. ഈ കാലഘട്ടത്തിൽ സഭയുടെ അജപാലന പ്രവർത്തനങ്ങൾ നമുക്ക് നല്കുന്ന മറ്റൊരു വെളിപാടാണ് മുറിഞ്ഞ ബന്ധങ്ങളെ ഉണക്കാനും മനുഷ്യനെ ശുശ്രൂഷിക്കാനുമുള്ള കരുത്ത് നാം ആർജ്ജിക്കണമെന്നത്. ബന്ധങ്ങൾ മുറിഞ്ഞ് മരണഭീതിയിൽ ഒറ്റപ്പെട്ട് കഴിയുന്ന വിശ്വാസിക്ക് യേശുവിലൂടെ സൗഖ്യം ഉറപ്പുവരുത്തുന്നതിന് കരുണയുടെ മുഖം നല്കി വിശ്വാസത്തിൽ ആഴപ്പെടുത്തുവാനും ദൈവം നിന്നോട് കൂടെയുണ്ട് എന്ന തിരുവചന സന്ദേശം അവരുടെ ഹൃദയങ്ങളിൽ നിറയ്ക്കാനും നമുക്ക് സാധിക്കണം.

**രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നതുപോലെ 'കുടുംബം ഗാർഹികസഭ' എന്ന ചിന്തയിൽ കുടുംബത്തെ ദേവാലയമാക്കി മാറ്റിയ അനുഭവങ്ങളും കോവിഡ് കാലം സമ്മാനിച്ചു.**

കോവിഡ് നമുക്ക് ചിന്തിക്കുവാനുള്ള അവസരവും പ്രവർത്തന ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളും ബോധ്യപ്പെടുത്തുന്നു. കോവിഡ് കാലത്ത് നാം വീണ്ടെടുത്ത ദൈവരാജ്യ നിർമ്മിതിക്ക് സഹായിക്കുന്ന സഭാ ശുശ്രൂഷ മൂല്യങ്ങൾ കൊറോണയ്ക്ക് ശേഷം കൈമോശം വന്നാൽ നാം ഉൾക്കൊണ്ട ആത്മീയ ഉന്നതിയും അറിവിന്റെ പാഠങ്ങളും അനുഭവങ്ങളുടെ പൊരുളും നിഷ്ഫലമാകും. ■



> ആത്യന്തികമായി വിദ്യാഭ്യാസം വിദ്യാർഥികേന്ദ്രീകൃതമായിരിക്കണമെന്ന് ഈ സാഹചര്യം നമ്മെ പഠിപ്പിക്കുന്നു. വിദ്യാർത്ഥികൾ സ്വയമേ പഠിക്കുന്ന, അറിവ് ആർജ്ജിക്കുന്ന, നൈപുണ്യം പ്രാപിക്കുന്ന അവസ്ഥയിലേക്ക് ഉയരാൻ ഈ സാഹചര്യം നമ്മെ സഹായിച്ചു. വ്യക്തിപരമായ അദ്ധ്വാനവും പരിശ്രമവുമാണ് ഒരാളുടെ വളർച്ചയ്ക്ക് അത്യാവശ്യം എന്ന ബോധ്യം കുട്ടികൾക്ക് നൽകാൻ സഹായിച്ചു.

# കോവിഡ്കാല വിദ്യാഭ്യാസം

**ഫാ. മെൽക്കൺ**
വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ
തിരുവനന്തപുരം അതിരൂപത


അപ്രതീക്ഷിതമായി കടന്നുവന്ന അഥിതിയെപ്പോലെ വിചാരിക്കാത്ത സമയത്ത് കോവിഡ്-19 എന്ന മഹാമാരി നമ്മുടെയെല്ലാം ജീവിതത്തിലേക്ക് കടന്നുവന്നു. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കോവിഡ് ഉണ്ടാക്കിയ ബുദ്ധിമുട്ടുകൾ നാം സഹിക്കേണ്ടിവന്നു.

വിദ്യാഭ്യാസ മേഖലയെ സമൂലമായി കോവിഡ് ബാധിച്ചു. അധ്യായനം മുടങ്ങി. പരീക്ഷ നടത്തിപ്പുകൾ താറുമാറായി. പരമ്പരാഗതമായ പ്രബോധന രീതികളെ മാറ്റിചിന്തിക്കാൻ ഈ സാഹചര്യം ഉപകാരമായി. ആത്യന്തികമായി വിദ്യാഭ്യാസം വിദ്യാർഥികേന്ദ്രീകൃതമായിരിക്കണമെന്ന് ഈ സാഹചര്യം നമ്മെ പഠിപ്പിക്കുന്നു. വിദ്യാർത്ഥികൾ സ്വയമേ പഠിക്കുന്ന, അറിവ് ആർജ്ജിക്കുന്ന, നൈപുണ്യം പ്രാപിക്കുന്ന അവസ്ഥയിലേക്ക് ഉയരാൻ ഈ സാഹചര്യം നമ്മെ സഹായിച്ചു. വ്യക്തിപരമായ അദ്ധ്വാനവും പരിശ്രമവുമാണ് ഒരാളുടെ വളർച്ചയ്ക്ക് അത്യാവശ്യം എന്ന ബോധ്യം കുട്ടികൾക്ക് നൽകാൻ സഹായിച്ചു. സ്കൂളുകളും കോളേജുകളും പുതിയ മാധ്യമങ്ങളിലൂടെ പുതിയ രീതികളിൽ അധ്യായനം നടത്തി. പരീക്ഷകളൊക്കെ പുതിയ രൂപത്തിലായി. പരീക്ഷാ സമ്പ്രദായം പുതിയ രീതികൾ അവലംബിച്ചു. ഇത്തരത്തിൽ പുതിയ വിദ്യാഭ്യാസ പ്രബോധന രീതികൾക്ക് ഈ കോവിഡ് കാലം സാക്ഷ്യം വഹിച്ചു.

ഇതെല്ലാമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം സ്ഥാപനങ്ങളേയും വിദ്യാർഥികളെയും സാരമായി ബാധിച്ചു. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ പല കുട്ടികൾക്കും സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ട്. മാത്രമല്ല, അധ്യാപകർക്ക് വിദ്യാർഥികളിൽ നിയന്ത്രണമില്ലാതായത് ഓൺലൈൻ ക്ലാസുകളുടെ മാറ്റ് കുറച്ചു. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ 50 ശതമാനത്തിനും താഴെയാണ്. ഉത്തരവാദിത്വബോധമില്ലാത്ത വിദ്യാർഥികൾ പഠനത്തിൽ നിന്ന് പൂർണമായി മാറി നിന്നു. അധ്യാപകർക്ക് വിദ്യാർഥികളുമായിട്ടുള്ള ബന്ധം കുറഞ്ഞു. സഹപാഠി ബന്ധങ്ങൾ ഇല്ലാതായത് കുട്ടികളിൽ മാനസിക പിരിമുറുക്കങ്ങൾക്ക് കാരണമായി. മൊബൈയിൽ ഫോണിന്റെ അമിതമായ ഉപയോഗം മറ്റ് ദുഃശീലങ്ങളിലേക്ക് വിദ്യാർഥികളെ തള്ളിവിടുമോ എന്ന ആശങ്ക അധ്യാപകർക്കും, മാതാപിതാക്കൾക്കും ഒന്നുപോലെയുണ്ട്.



സ്കൂളുകളും കോളേജുകളും തുറന്ന് നൂതന പ്രബോധന രീതികളിലൂടെ വിദ്യാർഥി കേന്ദ്രീകൃതമായ അധ്യയന രീതി കോവിഡ് കാലത്തിന് ശേഷം ഉണ്ടാകും എന്ന പ്രത്യാശയിൽ മുന്നോട്ടുപോകാം. ■



# അഭിഷിക്തൻ

സി. രേഷ്മ, തൈക്കാട്

ഹേ ! ക്രിസ്തുവിന്റെ പുരോഹിത
ലോകം, ശരീരം, പിശാച്
ഈ മൂന്ന് പർവ്വതനിരകളെ കീഴക്കി.
നീ ചെന്ന് നില്ക്കേണ്ട ഇടം
നസ്രത്തിലെ തച്ചന്റെ
ചെറുകുടിലിൻ മുൻമ്പിലല്ലേ?
ഗുരുവിനോടൊപ്പമുള്ള നിന്റെ യാത്രയിൽ
കൊടുങ്കാറ്റ് വീശുന്ന തിമ്പേരിയസ് കടലും
രക്തം വിയർക്കേണ്ട ഗസ്മൻ തോട്ടവും
കുരിശുമായ് കയറേണ്ട കാല്വരിമലയും
തൊലി തല്ലി ചിതറിക്കുന്ന ചാട്ടവാറും
ശിരസ്സിൽ വഹിക്കേണ്ട മുൾമുടിയും
കൈകാൽ തറയ്ക്കേണ്ട ഇരുമ്പാണിയും
ചങ്ക് തുളയ്ക്കേണ്ട കുന്തമുനയും കണ്ട്
നീ പിൻ തിരിഞ്ഞ് ഓടരുത്.
സ്നേഹത്തിന്റെ വിളമ്പുകാരനായി
കാരുണ്യത്തിന്റെ പ്രതീകമായി.
നീതിയുടെ കാര്യസ്ഥനായി.
സത്യത്തിന്റെ യോദ്ധാവായി,
അനുഗ്രഹത്തിന്റെ ഉപകരണമായി
വിശുദ്ധിയുടെ പരിമളമായി
വിശുദ്ധീകരണത്തിന്റെ ചാലായി
മറ്റൊരു ക്രിസ്തുവാകണം
ഒരുപാട് സ്നേഹത്തിന്റെ തണലാകണം.

തുടർമഴ 17

ഫാ. ലെനിൻ ഫെർണാണ്ടസ്



# സുകൃതം പേറുന്ന വിധവ

**മാർക്കോസ് 12:41–44 'വിധവയുടെ കാണിക്ക' എന്ന ബൈബിൾ ഭാഗം ആധാരമായ കഥ**

**ആ** വൃദ്ധയായ ദരിദ്ര വിധവയുടെ മനോവിശാലതയെക്കുറിച്ച് ശിഷ്യന്മാരോടുപറഞ്ഞ ശേഷം, യേശു വേച്ചുവേച്ച് കൂനി കൂനി നടന്നുനീങ്ങുന്ന അവളുടെ അടുക്കലേക്ക് പോയി. ശിഷ്യരിൽ ഒരുവനായ തോമസ് പറഞ്ഞു, "നോക്കു ആ സ്ത്രീയുടെ നട്ടെല്ല് വില്ലുപോലെ വളഞ്ഞിരിക്കുന്നത്, എന്തെങ്കിലും അത്ഭുതം കാട്ടി അവൻ അവളെ സുഖപ്പെടുത്തിയെങ്കിൽ നമുക്കീക്കൂട്ടരുടെ മുൻപിൽ ഒന്നു വിലസാമായിരുന്നു". "ദേവാലയത്തിനുള്ളിൽ വിമർശനങ്ങളല്ലെ അവന്റെ പതിവുജോലി രോഗശാന്തിയല്ലല്ലോ" ബർത്തലോമിയോ ആണത് പറഞ്ഞത്. എങ്കിലും അവർ അവനെ ഉറ്റുനോക്കി. യഥാർഥത്തിൽ എല്ലാ ശിഷ്യന്മാരുടെയും ആഗ്രഹം ഇതുപോലുള്ള അധികാര കേന്ദ്രങ്ങളിൽ അവന്റെ ശക്തി പ്രകടമാകണം എന്നാണ്. എന്നാലെ റോമിലെ തിബേരിയൂസ് സീസർ അറിയു യൂദന്മാരുടെയിടയിലും ചുണയുള്ള ആൺകുട്ടികൾ ഉണ്ട് എന്ന്.

"അമ്മേ" എന്ന വിളികേട്ട് അവൾ ഇടതുഭാഗത്തേക്ക് കഴുത്തുകറക്കി നോക്കി. ആ വിളി അവളിൽ പുഞ്ചിരി വിരിയിച്ചു. "നീ ആരാ കുഞ്ഞേ, ഞാൻ കണ്ടിട്ടില്ലല്ലോ" "ഞാൻ നസറത്തുകാരനായ യേശു" "ഉവ്വോ ഇന്നലേയും കൂടി നിന്നെക്കുറിച്ച് സംസാരിച്ചതേ ഉള്ളൂ, രോഗികളെയും പിശാചുബാധിതരേയും ഒക്കെ സുഖപ്പെടുത്തുന്ന, അനീതിക്കെതിരെ അതിശക്തമായി സംസാരിക്കുന്നു എന്ന് സാധാരണക്കാരായ മനുഷ്യർ പറയുന്ന ആ ഗുരു നീയാണോ?"

"അതെ ഞാൻ തന്നെ അവൻ" യേശു പ്രത്യുത്തരിച്ചു. ആ സ്ത്രീയുടെ കണ്ണുകൾ വിടരുന്നതും കൈകൾ ഉയർത്തി അവനെ ആശ്ലേഷിക്കാൻ ഒരുങ്ങുന്നതും അകലെ നിന്ന് ശിഷ്യന്മാർ കണ്ടു.

"അമ്മയുടെ പോരെന്താണ്" യേശു അവളോടുചോദിച്ചു. അവൾ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു, "ജെറുസലേം നിവാസികൾക്ക് ഒട്ടുമിക്കവർക്കും എന്നെ അറിയാം. സെലീന എന്നാണെന്റെ പേര്, ചിലർ എന്നെ 'ലീനാമ്മ' എന്നും ചിലർ 'ലീന തള്ള' എന്നും ചിലർ 'കൂനിത്തള്ള' എന്നും ഒക്കെ വിളിക്കാറുണ്ട്. എന്നാൽ 'അമ്മേ' എന്ന സ്നേഹപൂർവമായ വിളി ഞാൻ കേട്ടിട്ട് പത്തു മുപ്പതുവർഷങ്ങൾ കഴിഞ്ഞു." യേശുവിന് തോന്നി അവൾക്കെന്തോ തന്നോടു പറയാനുണ്ട് എന്ന്. ഒരു കൽത്തൂണിനടുത്തേക്ക് അവളെ മാറ്റി ഇരുത്തിയതിനുശേഷം യേശു ആ സ്ത്രീയുടെ കരം ഗ്രഹിച്ചുകൊണ്ട് ചോദിച്ചു, "പറയൂ, മുപ്പതുകൊല്ലങ്ങൾക്ക് മുൻപ് എന്താണ് സംഭവിച്ചത്?"

'അതൊരു അന്യായത്തിന്റെ കഥയാണ് കുഞ്ഞേ. ഞാനെന്റെ ദൈവത്തോട് മാത്രം ആവർത്തിച്ചാവർത്തിച്ചുപറയാറുള്ള കഥ. ഈ നാട് ഭരിച്ചിരുന്ന കിരാതനും ദുഷ്കർമ്മിയുമായ ഒരു രാജാവുണ്ടല്ലോ. ഹേറോദേസ്, അയാളുടെ കൊടും ക്രൂരതയുടെ കഥ. അന്നൊരു അർധരാത്രി അയാളുടെ അക്രമികളായ ഭടന്മാരെത്തി. ഒന്നരവയസ്സുമാത്രം പ്രായമുണ്ടായിരുന്ന എന്റെ കുഞ്ഞിനെ ഒരു കാര്യവുമില്ലാതെ കഴുത്തറുത്തു. അത് തടയാനായി ശ്രമിച്ചു എന്ന കുറ്റത്തിന് എന്റെ പ്രിയ ഭർത്താവിനേയും അവർ കുത്തിമലർത്തി. ആ കാഴ്ച എന്നെ വല്ലാണ്ട് തളർത്തിക്കളഞ്ഞു. അടുത്ത ദിവസമാണ് മനസ്സിലാകുന്നത് എന്റെ

കുഞ്ഞിനെ മാത്രമല്ല, ബത്‌ലഹേമിലും ജറുസലേമിലും സമറിയായിലും ഒക്കെയുള്ള അനേകം ആൺകുഞ്ഞുങ്ങൾ കൊല്ലപ്പെട്ടു എന്നത്. ഏതോ ജ്ഞാനികൾ പറഞ്ഞുവത്രേ, യഹൂദന്മാരുടെ രാജാവാകേണ്ടവൻ ജനിച്ചിരിക്കുന്നുവെന്ന്. അധികാരത്തിനുവേണ്ടി സ്വന്തം പുത്രന്മാരേയും ഭാര്യയേയും പോലും കൊല്ലുന്നവനായ ഹേറോദേസിന് ഈ കൊലപാതകം ഒരു പ്രശ്നമേയല്ല, പക്ഷേ മക്കളേയും ഭർത്താവിനെയും നഷ്ടപ്പെട്ട എന്നെപ്പോലുള്ള അനേകം വിധവകളുടെ കദന കഥകൾ അന്ന് ആരംഭിക്കുകയായിരുന്നു.”



ഉള്ളിൽ ഒരിടിത്തീപോലെയാണ് അവളുടെ കഥ യേശു കേട്ടത്. ഈ കഥ തന്റെ അമ്മയും വളർത്തപ്പനും പറഞ്ഞ് പല പ്രാവശ്യം കേട്ടിട്ടുള്ളതാണ്. എങ്കിലും ഇത്രയും വികാരത്തള്ളലിൽ ആദ്യമായാണ് കേട്ടത്. അവളുടെ കരം കുറേക്കൂടി ഇറുക്കിപ്പിടിക്കാനേ യേശുവിന് സാധിച്ചുള്ളൂ. വാക്കുകൾ അവിടെ അർഥരഹിതമാകുന്നു, മിഴികൾക്കാണ് കൂടുതൽ ശക്തി. യേശുചോദിച്ചു, “അതിനുശേഷം അമ്മയുടെ ജീവിതം എങ്ങനെയായിരുന്നു?” അവൾ കൂടുതൽ വാചാലയായി. “അതിനുശേഷം എന്റെ ജീവിതം ഒരു സമരം കണക്കേ കലുഷിതമായിരുന്നു. പലരോടും പലതിനോടും ദൈവത്തോടുപോലും പക ഉള്ളിൽ തികട്ടി വന്നു. എന്തിനീ നശിച്ച ജന്മം എന്നുപലവട്ടം ചോദിച്ചു. ഒടുവിൽ ഒരു നാൾ നീണ്ട പന്ത്രണ്ടു വർഷങ്ങൾക്കുശേഷം ഞാനീ ദേവാലയത്തിൽ വച്ച് ഒരമ്മയെ പരിചയപ്പെട്ടു. അവൾ തെക്കുനിന്നായിരുന്നു. ആൾക്കൂട്ടത്തിൽ നഷ്ടപ്പെട്ടുപോയ തന്റെ മകനെ പരതുന്ന കണ്ണുകളായിരുന്നു അവൾക്ക്. ഒടുവിൽ ആ ബാലനെ അവൾ കണ്ടെത്തി. തിരികെ പോകുന്നതിനുമുൻപ് അവളെനിക്ക് ഒരു സമാധാന ചുംബനം തന്നു. എന്റെ ഈ കഥകേട്ട് അവളെന്നെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു, നിന്റേത് ഒരു മഹാത്യാഗമാണ്; യഹൂദന്മാരുടെ രാജാവാകാൻ വിളിക്കപ്പെട്ട ആ കുഞ്ഞ് രാജാവാകുക തന്നെ ചെയ്യും. നിന്റെ ഭാരങ്ങളും ക്ലേശങ്ങളും അവൻ വഹിക്കും ആ അമ്മയെ കണ്ടതിനുശേഷം പിന്നീടൊരിക്കലും ദുഖം എന്നിൽ തളം കെട്ടിയിട്ടില്ല. വീടുവീടാന്തരം ജോലികൾ ചെയ്ത് ഞാൻ ജീവിച്ചു. ജോലിഭാരത്താൽ എന്റെ നട്ടെല്ല് വളഞ്ഞു. എങ്കിലും ഞാനീ നാടിനും ദേശത്തിനും പ്രിയങ്കരിയായി. ഒരു മകൻ നഷ്ടമായപ്പോൾ മറ്റനേകം മക്കൾ എനിക്കുണ്ടായി. ഇപ്പോൾ മുതൽ നീയും എന്റെ പ്രിയ പുത്രനാണ്.”

യേശുവിന്റെ മിഴികൾ നനയുന്നത് അന്നോളം കാണാത്ത ശിഷ്യന്മാർക്ക് അവൻ മിഴികൾ തുടയ്ക്കുന്ന കാഴ്ച അത്യപൂർവ കാഴ്ചയായിരുന്നു. കൂനിത്തള്ള ഒടുങ്ങാത്ത ആവേശത്തോടെ പറഞ്ഞു, “അന്നുതുടങ്ങി എന്റെ തുച്ഛമായ സമ്പാദ്യത്തിന്റെ ഒരംശം ഞാൻ ദേവാലയത്തിന് നൽകാറുണ്ട്. എന്റെ പ്രാർഥന ഇത്രമാത്രം, കാലത്തിന്റെ പൂർണതയിൽ ദൈവമേ നിന്റെ രാജ്യം വരണം ആ രാജാവ് ഈ ദേശം ഭരിക്കണം.”

യേശു അവളോടായി പറഞ്ഞു, “എന്റെ പ്രിയപ്പെട്ട അമ്മേ നിന്റെ കണ്ണുകൾക്ക് അത് കാണാനുള്ള ഭാഗ്യമുണ്ടാകട്ടെ. നിന്റെ ബുദ്ധിക്ക് അത് ഗ്രഹിക്കാനുള്ള ശേഷി ഉണ്ടാകട്ടെ. ആകാശം ഭൂമിയിൽ നിന്ന് എത്ര ഉയർന്നിരിക്കുന്നുവോ അത്രത്തോളം ഉന്നതമാണ് സ്വർഗത്തിന്റെ ചിന്തകൾ അതിനാൽ ദൈവത്തിന്റെ ചിന്തകൾ വെളിപ്പെടുത്തുമ്പോൾ അത് വിചിത്രം എന്നുപറയാൻ നമുക്കിടവരാതിരിക്കട്ടെ.”

“എന്റെ പ്രിയ കുഞ്ഞേ ഈ ദേശം നിന്നെ വാഴ്ത്തിപുകഴ്ത്തുകയാണ്. നിന്റെ കൈവയ്പിലൂടെ അന്ധർ കാണുന്നു, ബധിരർ കേൾക്കുന്നു, കുഷ്ഠരോഗികൾ സുഖം പ്രാപിക്കുന്നു, മുടന്തർ നടക്കുന്നു. നിന്റെ വാക്കുകൾ കേൾക്കുന്ന ജനം ആവേശഭരിതരാകുന്നു, നീതിയുടെ ഫരിസേയ പുരോഹിത അധികാര വർഗം പേടിച്ച് വിറയ്ക്കുന്നു. ഇത്രയൊക്കെ ചെയ്യാൻ കഴിയുന്ന നിനക്ക് ഞങ്ങളുടെ രാജാവായിക്കൂടെ? നിനക്കായി ആർപ്പുവിളിക്കാൻ ഈ കൂനിത്തള്ള ഇപ്പോഴും തയ്യാറാണ്” അത്രയും പറഞ്ഞുകൊണ്ട് അവൾ ആർത്തുചിരിച്ചു. ആ ചിരി അവനിലേക്കും പടർന്നു. അതൊരു സന്തോഷത്തിന്റെ പൊട്ടിച്ചിരിയായി. അത് കണ്ട ശിഷ്യന്മാരും പൊട്ടിച്ചിരിച്ചു.

ദേവാലയത്തിനുള്ളിൽ ചിരിച്ചുകൊണ്ട് ആവേശം കൊള്ളുന്ന കുറേ മനുഷ്യരെ കണ്ട് മറ്റുള്ളവരും ചിരിച്ചു. ജറുസലേം ദേവാലയം ആനന്ദനൃത്തം ചവിട്ടിയ മുഹൂർത്തത്തിനു സാക്ഷ്യം വഹിച്ചു. സെലീന എന്ന കൂനിത്തള്ള ചിരിച്ചും കളിച്ചും ആനന്ദനൃത്തം ചവിട്ടിയും ദേവാലയത്തിന് പുറത്തേക്ക് പോകുന്നതു കണ്ട ഏവരും സന്തോഷത്തിൽ നിറഞ്ഞാടി. അന്നോളം ആരും അനുഭവിക്കാത്ത ഒരു നിറവ് ദേവാലയാങ്കണത്തിൽ നിന്ന് ഭക്തർക്ക് കിട്ടി. യേശു മിഴികളുയർത്തി ദൈവത്തോട് പ്രാർഥിച്ചു, പിതാവേ നിന്റെ രാജ്യം വേഗം വരണമേ..... ■

**കൂടുതൽ വേണ്ട എന്നുപറഞ്ഞ് നിരുത്സാഹപ്പെടുത്തിയ ടി.വിയും സ്മാർട്ട്ഫോണും ഇന്റർനെറ്റ് ലോകവും അതേ മാതാപിതാക്കൾ തന്നെ കൂടുതൽ ഉപയോഗിക്കൂ, ഡിജിറ്റലാകൂ എന്ന് പറയേണ്ടിവന്നു. പഠനം റിയൽ എന്നതിൽ നിന്നും വെർച്വലമായി മാറിയിരിക്കുന്നു, കുട്ടികൾ പോലും.**



# കോവിഡ്: കുടുംബങ്ങൾ തളർന്നതും വളർന്നതും

**ഡോ. എ.ആർ. ജോൺ**
കുടുംബ ശുശ്രൂഷാ ഡയറക്ടർ
തിരുവനന്തപുരം അതിരൂപത

കോവിഡ് മഹാമാരി കുടുംബജീവിതത്തെ എങ്ങനെ സ്വാധീനിച്ചു എന്നത് ആസ്പദമാക്കി അമേരിക്കയിൽ ഒരു പഠനം നടന്നു. ആശ്ചര്യമായി തോന്നിയത് 66 ശതമാനം കുടുംബങ്ങൾ പറയുന്നത് വീട്ടിനുള്ളിലായിരുന്നത് അവരുടെ ജീവിതത്തിന് വലിയ അസ്വസ്ഥത ഉണ്ടാക്കിയില്ല എന്നാണ്. എന്നാൽ ലോക്ഡൗൺ മാറി ജോലിക്കുപോകാൻ 25 ശതമാനം പേർക്ക് അസ്വസ്ഥത അനുഭവപ്പെട്ടു എന്നാണ്. അത് ശരിയാണ്. മനഃശാസ്ത്രപരമായി നല്ല ശീലവും മോശം ശീലവും ശീലങ്ങളിൽ നിന്നുമാണ് രൂപപ്പെടുന്നത്. എല്ലാം ഒരു ശീലമാണ്.

മാതാപിതാക്കൾ തമ്മിലും മക്കൾ തമ്മിലുമുള്ള സ്നേഹവും അടുപ്പവും വർധിച്ചുവെന്ന് 33 ശതമാനം പേർ പറയുമ്പോൾ ആറ് ശതമാനം മാത്രമാണ് ബന്ധങ്ങൾ വഷളായി എന്നുപറയുന്നത്. കുറേ അഭിരുചികൾ വളർത്താനും കലാസാഹിത്യവാസനകൾ വളർത്താനും സെൽഫി യുഗത്തിൽ നിന്നും കുടുംബ ഫോട്ടോകൾ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവയ്ക്കാനും ഈ കോവിഡ് കാലം ഉപകരിച്ചു. ആർക്കും ഒന്നിനും സമയമില്ലാത്ത ഭ്രാന്തൻ വ്യഗ്രതകളിൽ നിന്നുമാറി കുടുംബങ്ങൾക്ക് ഒന്നിച്ച് ഭക്ഷിക്കാനും ചിരിക്കാനും കളിക്കാനും സാധിച്ചു. ഇപ്പോൾ സമയമുണ്ട്. എന്തിനും എല്ലാറ്റിനും – അങ്ങിനെ ബന്ധങ്ങളുടെ വസന്തകാലമായി, ഭവനങ്ങൾ ദൈവാലയമായി, വീട് ഒരു കലാലയമായി, കളിസ്ഥലമായും കലാസാംസ്കാരിക കേന്ദ്രങ്ങളുമായിമാറി.

മക്കളുടെ മുന്നിൽ അമ്മയും അച്ഛനും കൂടുതൽ നല്ലവരാകേണ്ടിവന്നു. ഈ സാഹചര്യം അവരെ 'നല്ല ദമ്പതികളാക്കി' അങ്ങനെ അക്ഷരാർഥത്തിൽ മാതാപിതാക്കൾ കോവിഡ് സമയത്ത് മക്കളുടെ പ്രഥമ അധ്യാപകരായി. അങ്ങനെ എല്ലാ തലത്തിലുമുള്ള ബന്ധങ്ങൾക്കും വിലവന്ന കാലമാണിത്.

എന്നാൽ കാര്യങ്ങളെല്ലാം ശുഭമല്ല എന്നു നമുക്ക് അറിയാം. കോവിഡ് തകർത്ത കുടുംബങ്ങൾ ഇനി എന്ന് തലപൊക്കും എന്ന് ഒരു നിശ്ചയവുമില്ല. കൈകഴുകുന്നത് വൃത്തിയാകാൻ മാത്രമല്ല, മരണഭയം കൊണ്ടുകൂടിയാണ്. ആത്മഹത്യകളും നിരാശയും ജോലിനഷ്ടവും കുറഞ്ഞ ശമ്പളവും ഭാവിയെക്കുറിച്ചുള്ള ഭയവും, ഗാർഹിക പീഡനവും കുട്ടികളോടുള്ള അതിക്രമവും വല്ലാതെ ജീവിതങ്ങളെയും കുടുംബങ്ങളെയും ഇതിനകം തന്നെ തകർത്തുകളഞ്ഞു. കളിച്ചുവളരേണ്ട കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ ഇന്നല്ല വരും കാലമാണ് പുറത്തുകൊണ്ടുവരാൻ പോകുന്നത്. ഇന്നിപ്പോൾ കൂടുതൽ വേണ്ട എന്നുപറഞ്ഞ് നിരുത്സാഹപ്പെടുത്തിയ ടി.വിയും സ്മാർട്ട്ഫോണും ഇന്റർനെറ്റ് ലോകവും അതേ മാതാപിതാക്കൾ തന്നെ കൂടുതൽ ഉപയോഗിക്കൂ, ഡിജിറ്റലാകൂ എന്ന് പറയേണ്ടിവന്നു. പഠനം റിയൽ എന്നതിൽ നിന്നും വെർചലമായി മാറിയിരിക്കുന്നു, കളികൾ പോലും. റിയൽ പഠനവും കളികളും കൂടുതൽ ഉന്മേഷഭരിതമാക്കുമ്പോൾ വെർചർ കൂടുതൽ ക്ഷീണതരും നിരാശയുള്ളവരുമാക്കി മാറ്റുന്നു. ഓൺലൈൻ പഠനത്തിന്റെ തുടക്കത്തിൽ തന്നെ കാണുന്ന പ്രവണതകൾ അത്ര ശുഭസൂചനകളല്ല.

കോവിഡ് അനന്തരകാലം പഴയതുപോലൊരു കാലമായിരിക്കില്ല. അതെങ്ങനെയായിരിക്കുമെന്നോ അതിന്റെ കതിരും പതിരും എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നോ ഒരു നിശ്ചയവുമില്ല. എല്ലാം നമുക്ക് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു. ■

# സാമൂഹ്യശുശ്രൂഷ സമിതിയുടെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ



*കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി റ്റിഎസ്എസ്എസ് ഹോമിയോ മെഡിക്കൽ കോളേജുമായി ചേർന്ന് നടത്തിയ പ്രതിരോധ മരുന്നു വിതരണം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന് നൽകി ഹോമിയോ മെഡിക്കൽ കോളേജ് സൂപ്രണ്ട് നിർവഹിക്കുന്നു*

ലോകരാഷ്ട്രങ്ങളെ ആകമാനം ഭീതിയിലാക്കി കോവിഡ് 19 എന്ന മഹാമാരി ജൈത്രയാത്ര തുടങ്ങിയപ്പോൾ തന്നെ പ്രതിരോധ പ്രവർത്തനങ്ങളുമായി തിരുവനന്തപുരം ലത്തീൻ അതിരൂപതാസാമൂഹ്യശുശ്രൂഷാ സമിതി റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ മുന്നിട്ടിറങ്ങി. ജനങ്ങളെ ബോധവാന്മാരാക്കുന്നതിനോടൊപ്പം തന്നെ നിർദ്ധനർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും മരുന്നും ഭക്ഷണവും മാസ്ക്കും സാനിറ്റൈസറും രൂപതയിലെ എല്ലാ ഇടവകകളിലും ലഭ്യമാക്കുകയും ചെയ്തു. "ബ്രേക്ക് ദി ചെയിൻ" കാമ്പയിന്റെ ഭാഗമായി അതിരൂപതയിലെ 9 ഫെറോനകളിലും ആൾക്കാർ ഒത്തുകൂടുന്ന സ്ഥലങ്ങളിലെല്ലാം ഹാൻഡ് വാഷും, വെള്ളവും ലഭ്യമാക്കി. മൈക്ക് അനൗൺസ്മെന്റ്, പോസ്റ്റർ പ്രദർശനം, ലഘുലേഖ വിതരണം എന്നിവ വഴി ജനങ്ങളിൽ കോവിഡ് മഹാമാരിയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു. ഭക്ഷ്യകിറ്റ് വിതരണത്തിനായി 23081959 രൂപയും മെഡിക്കൽ സഹായമായി 723095 രൂപയും സാമ്പത്തികധനസഹായമായി 1,44,03,200 രൂപയും അതിരൂപത ചിലവാക്കി. ഹോമിയോ മെഡിക്കൽ കോളേജുമായി ചേർന്ന് 40060 ബോട്ടിൽ ഹോമിയോ പ്രതിരോധ മരുന്ന് ലഭ്യമാക്കി. ഇതുകൂടാതെ തൂത്തൂർ ഫെറോനയിൽ ആയുർവേദ പ്രതിരോധ കഷായ വിതരണവും നടത്തി.

പ്രവാസികാര്യ കമ്മീഷൻ വിദേശത്തു കുടുങ്ങിയ പ്രവാസികളെ തിരിച്ചു കൊണ്ടുവരാൻ നടപടി എടുത്തു. തിരിച്ചെത്തിയ പ്രവാസികൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 5000 രൂപ ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ റ്റി.എസ്.എസ്.എസ് സജീവമായി. അതിരൂപതയിലെ പല സ്ഥാപനങ്ങളും ക്വാറന്റയിൻ കേന്ദ്രങ്ങളായും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളായും വിട്ടു നൽകി. റ്റി.എസ്.എസ്.എസിന്റെയും ഇടവകകളുടെയും നേതൃത്വത്തിൽ തെരെഞ്ഞെടുത്ത വോളന്റിയേഴ്സിനെ ഉപയോഗിച്ച് കോവിഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. കോവിഡ് ടെസ്റ്റ് നടത്തുന്നതിനും കോവിഡ് മൂലം മരണമടഞ്ഞ ഇടവകാംഗങ്ങളുടെ ശവസംസ്ക്കാരത്തിന് ദ്രുതകർമ്മസേന രൂപീകരിച്ചു. കോവിഡ്മൂലം വീടുകളിൽ കഴിയുന്നവർക്കുവേണ്ടി പച്ചക്കറി വിത്തുകളും തൈകളും വളവും വിതരണം ചെയ്തു. അങ്ങിനെ ഈ കോവിഡ് കാലത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 4 കോടിയിൽപരം രൂപ അതിരൂപത ചിലവഴിച്ചു.



*കോവിഡ്-19 പ്രതിസന്ധിയെ തുടർന്ന് തൊഴിൽ രഹിതരായ തീരദേശ വാസികൾക്ക് റ്റിഎസ്എസ്എസിന്റെ നേതൃത്വത്തിൽ നൽകിയ ഭക്ഷ്യകിറ്റുകളുടെ വിതരണോദ്ഘാടനം സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് നിർവഹിക്കുന്നു.*



ഭവനം ഒരു സമ്മാനപദ്ധതിയുടെ നാലാംഘട്ടമായി 50 വീടുകളുടെ താക്കോൽദാനം നിർവഹിച്ചപ്പോൾ

# താങ്ങും തണലുമായി തിരുവനന്തപുരം ലത്തീൻ അതിരൂപത

തിരുവനന്തപുരം: പ്രസംഗത്തിലൂടെയോ പ്രസ്താവനയിലൂടെയോ അല്ല പ്രവർത്തിയിലൂടെയാണ് ദൈവവചനം പ്രാവർത്തികമാക്കേണ്ടതെന്ന് തെളിയിക്കുന്നതാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷാ പ്രവർത്തനങ്ങൾ. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 300 പേർക്ക് പുതിയ വീടും, വീടുവയ്ക്കാൻ സ്ഥലവും നൽകിയ അതിരൂപത ഭവന രഹിതരായ തീരദേശ ജനതയ്ക്ക് വീടുവച്ചുനൽകാൻ വേളിയിൽ സ്വന്തമായുള്ള രണ്ടു ഏക്കർ 35 സെന്റ് സ്ഥലം കൂടി സർക്കാരിന് വിട്ടുകൊടുക്കാൻ തയ്യാറെടുക്കുകയാണ്. സുനാമി, ഓഖി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിലും കോവിഡ് –19 പോലുള്ള മാരക വ്യാധികളിലും പെട്ട് ജീവിതം നിലച്ചുപോയ, ജീവിതം അനിശ്ചിതത്തിലായ പതിനായിരങ്ങൾക്ക് താങ്ങും തണലും ആശ്വാസവുമായി കോടികൾ ചെലവഴിച്ച, ഇപ്പോഴും ചെലവഴിക്കുന്ന അതിരൂപതയുടെ സാമൂഹ്യ പ്രതിബദ്ധത പ്രതീക്ഷകൾക്കപ്പുറത്താണ്.

അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മെത്രാഭിഷേക രജത ജൂബിലി സ്മാരകമായി രൂപം നൽകിയ 'ഭവനം ഒരു സമ്മാനം' പദ്ധതിയിലൂടെയാണ് അതിരൂപതാ സാമൂഹ്യ ശുശ്രൂഷാ സമിതി വാസയോഗ്യമായ ഭവനമില്ലാത്തവർക്ക് വീടുവച്ചുനൽകുന്നത്. വീട് ഒന്നിന് 9 ലക്ഷം രൂപവരെ ചെലവിട്ട് നിർമ്മിക്കുന്ന ഭവനപദ്ധതിയുടെ 4–ാം ഘട്ടമായി പൂർത്തിയാക്കിയ 50 വീടുകളുടെ താക്കോൽദാനം കഴിഞ്ഞ ദിവസം അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ സാന്നിധ്യത്തിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. അതിരൂപതയുടെ സാമൂഹ്യ കാഴ്ചപ്പാടിനെയും പ്രതിബദ്ധതയേയും മന്ത്രി മുക്തകണ്ഠം പ്രശംസിച്ചു. അധ്യക്ഷ പ്രസംഗത്തിനിടയിലാണ് അതിരൂപതയുടെ വക വേളിയിലെ 2.35 ഏക്കർ സ്ഥലം സർക്കാരിന് സൗജന്യമായി കൈമാറാൻ തയ്യാറാണെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അറിയിച്ചത്.

പ്രസ്തുത ചടങ്ങിൽ ഡോ. സാബാസ് ഇഗ്നേഷ്യസ്, മോൺ. ജോസഫ് സി., മോൺ. യൂജിൻ എച്ച്. പെരേ, അഡ്വ. സെലിൻ വിൽഫ്രഡ്, ഫാ. ആഷ്‌ലിൻ ജോസ്, ജറാഡ് എം എന്നിവർ പ്രസംഗിച്ചു.

**യേശുക്രിസ്തുവിന്റെ മുഖം വിദ്യാർത്ഥികൾക്ക് കാണിച്ചു കൊടുക്കുവാൻ മതബോധന അധ്യാപകർക്ക് കടമ യുണ്ടെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം**



**മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിക്കുന്ന ക്രിസ്തുമസ് 2020 സമ്മേളനം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉത്ഘാടനം ചെയ്യുന്നു**

# മതബോധനമെന്ന ദൗത്യം

തിരുവനന്തപുരം: മതബോധനം ഒരു മഹത്തായ ദൗത്യമാണ്. അതിലൂടെ യേശുക്രിസ്തുവിന്റെ മുഖം വിദ്യാർത്ഥികൾക്ക് കാണിച്ചു കൊടുക്കുവാൻ മതബോധന അധ്യാപകർക്ക് കടമയുണ്ടെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ഈശോ നമുക്ക് മാതൃകയായി സ്വ ജീവിതത്തിലൂടെ കാണിച്ചുതന്ന ത്യാഗവും സ്നേഹവും പ്രതിഫലിപ്പിക്കുവാനുള്ള പ്രചോദനം വിദ്യാർതഥികൾക്ക് നല്കുക എന്നതാണ് മതബോധന അധ്യാപകർ ചെയ്യേണ്ടതെന്നും വെള്ളയമ്പലം പാരിഷ് ഹാളിൽ വച്ച് മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിക്കുന്ന ക്രിസ്തുമസ് 2020 ഉത്ഘാടനം ചെയ്തുകൊണ്ട് ആർച്ച്ബിഷപ്പ് പറഞ്ഞു.

മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, കോവളം, പുല്ലുവിള, തൂത്തൂർ ഫെറോനകളിലെ അധ്യാപകർക്കും "ഉണ്ണീശോയ്ക്ക് ഒരു കത്ത്" "ഈശോയുടെ വംശാവലി" എന്നിവയിൽ "ജെസ്സെയുടെ ട്രീ" നടത്തിയ രചനാ മത്സരങ്ങളിലെ വിജയികൾക്കും മെത്രാപ്പോലീത്ത സമ്മാനങ്ങൾ വിതരണം ചെയ്തു.

"ക്രിസ്തുമസ് എന്ന് പറയുന്നത് പുൽക്കൂട്ടിൽ ജനിച്ച ഉണ്ണീശോയെ ചൂണ്ടി കാണിച്ചു കൊടുക്കലല്ല. മറിച്ച്, ജീവിതത്തിൽ ഉടനീളം ഉണ്ണീശോയെ കൂടെ കൊണ്ടു നടക്കാൻ പ്രേരിപ്പിക്കുന്നവരാകണം മതബോധന അധ്യാപകരെന്ന് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. സകല ജനത്തിനും വേണ്ടി ജനിച്ച ഈശോയെയാണ് കാണിച്ചുകൊടുക്കേണ്ടത്. അല്ലാതെ പുൽക്കൂട്ടിലെ പ്രതീകത്തെയല്ല. യേശുവിന്റെ എളിമ, സഹനം, സ്നേഹം, സമാധാനം ഇവ കുഞ്ഞുമക്കളിൽ വളർത്തി അവരെ ഭാവിയുടെ വാഗ്ദാനങ്ങളാക്കി മാറ്റുകയെന്ന വലിയ ഉത്തരവാദിത്തമാണ് മതബോധന അധ്യാപകരിൽ നിക്ഷിപ്തമായിരിക്കുന്നത്. അനുമോദനസന്ദേശത്തിൽഡോ. ക്രിസ്തുദാസ് പറഞ്ഞു. കഴക്കൂട്ടം, പേട്ട പാളയം, വലിയതുറ ഫെറോനകളിൽ നിന്നും മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകർക്ക് ബിഷപ്പ് ക്രിസ്തുദാസ് സമ്മാനങ്ങൾ വിതരണം ചെയ്തു. അതിരൂപ സെക്രട്ടറി ഇഗ്നേഷ്യസ് ലയോള റിപ്പോർട്ട് അവതരിപ്പിച്ചു. അജപാലനശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. പ്രബൽ ക്രിസ്തുമസ് സന്ദേശം നല്കുകി. അജപാലനശുശ്രൂഷ ഡയറക്ടർ ഡോ. ഡാർവിൻ പീറ്റർ സ്വാഗതവും അതിരൂപത എക്സിക്യൂട്ടീവ് അംഗം സുശീല ലോപ്പസ് നന്ദിയും പറഞ്ഞു.



**ക്രിസ്തുമസ് എന്ന് പറയുന്നത് പുൽക്കൂട്ടിൽ ജനിച്ച ഉണ്ണീശോയെ ചൂണ്ടി കാണിച്ചു കൊടുക്കലല്ല. മറിച്ച്, ജീവിതത്തിൽ ഉടനീളം ഉണ്ണീശോയെ കൂടെ കൊണ്ടു നടക്കാൻ പ്രേരിപ്പിക്കുന്നവരാകണം മതബോധന അധ്യാപകരെന്ന് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്**

# കിടപ്പുരോഗികൾക്ക് ക്രിസ്മസ് സമ്മാനവുമായി കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം: ക്രിസ്തുമസ് കാലത്ത് ആയിരം കിടപ്പ് രോഗികൾക്ക് സാന്ത്വനമായി തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷ അവരുടെ അരികിലെത്തി. ക്രിസ്തുമസിന് രോഗികൾക്കൊപ്പം എന്ന കാരുണ്യ പദ്ധതി നടപ്പാക്കുകയായിരുന്നു ഈ പദ്ധതിയിലൂടെ.



അതിരൂപതയിലെ നിർദ്ധനരായ കിടപ്പ് രോഗികളെ കണ്ടെത്തി അവരെ നേരിൽ സന്ദർശിച്ച് അവരോടൊപ്പം സമയം ചിലവഴിച്ച്, പ്രാർത്ഥിച്ച് ഒപ്പം 1000 രൂപ മതിപ്പുവിലയുള്ള ക്രിസ്തുമസ് സമ്മാനങ്ങളും കൈമാറിയാണ് കുടുംബ പ്രേഷിത ശുശ്രൂഷ കിടപ്പുരോഗികൾക്ക് ക്രിസ്തുമസ് ആശംസകൾ നേർന്നത്. ക്രിസ്തുമസ് സമ്മാനം ആശീർവദിച്ച് പുല്ലുവിള ഫെറോന ആനിമേറ്റർ സിസ്റ്റർ വിനിതയ്ക്ക് കൈമാറികൊണ്ട് രോഗിസന്ദർശന പരിപാടിക്ക് അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം തുടക്കം കുറിച്ചു. കുടുംബശുശ്രൂഷ ആനിമേറ്റർ, വോളന്റിയർ, ഫെറോന ഡയറക്ടർ, ഇടവക വികാരിമാർ, സന്യസ്തർ എന്നിവരിലൂടെയാണ് 1000 കിടപ്പ് രോഗികളെ സന്ദർശിക്കുന്ന ഈ പദ്ധതി നടപ്പിലാക്കിയത്. നിരാലംബരും അവശരുമായ രോഗികളെ തിരഞ്ഞെടുത്ത് കരുണാമയൻ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സന്ദർശനത്തിൽ രോഗികളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചു.

# കൗൺസിലിംഗ് കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

തിരുവനന്തപുരം അതിരൂപതയിൽ കുടുംബ പ്രേഷിത ശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെ നടത്തുന്ന (എസ് ആർ സി) കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴുസുകളുടെ അഡ്മിഷൻ ആരംഭിച്ചു. ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ്, ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കൗൺസിലിംഗ് എന്നീ കോഴുകളിലേക്കാണ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റ് കോഴ്സിന് പ്ലസ് ടുവും ഡിപ്ലോമ കോഴ്സിന് ഡിഗ്രിയുമാണ് വിദ്യാഭ്യാസ യോഗ്യത.

മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ ക്ളാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. കോഴ്സ് 2021 ജനുവരി മാസം ആരംഭിക്കും. പ്രോസ്പെക്ടസ് SRC (കേരള ഗവണ്മെന്റ്) നന്തൻ കോട് ഓഫീസിൽ നിന്നും, കുടുംബശുശ്രൂഷ കാര്യാലയത്തിൽ നിന്ന് ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് 8281123941, 9387296213 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ (ജനുവരി 10)

# നീ എന്റെ പ്രിയ പുത്രൻ

ഏശ. 55, 1-11, | 1 യോഹ. 5: 1-9 | മാർക്കോ. 1: 7-11

ആരാധനാ ക്രമമനുസരിച്ച് ഇന്നത്തെ ദിനത്തോടെ ക്രിസ്മസ്കാലം അവസാനിക്കുകയും ആണ്ടുവട്ടം ആരംഭിക്കുകയും ചെയ്യുന്നു.

മരുഭൂമിയിലെ പരീക്ഷയ്ക്ക് മുമ്പ്, യേശുവിന്റെ പരസ്യ ജീവിതത്തിന്റെ തുടക്കമെന്നോണം അവിടുന്ന് യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിക്കുന്നു. സ്നാപകൻ യേശുവിനെ സ്നാനം ചെയ്യുന്നതിന് ആദ്യം വിസമ്മതം പ്രകടിപ്പിച്ചെങ്കിലും പിന്നീട് സ്നാനം നൽകുന്നു. പുത്രന്റെ സ്നാന സമയത്ത് പിതാവും പരിശുദ്ധാത്മാവും സാക്ഷ്യം നൽകുന്നു.

യേശുവിന്റെ മാമോദീസയ്ക്ക് പ്രതീകാത്മകമായ ഒരർത്ഥമുണ്ട്. അവിടുത്തെ പീഢാനുഭവത്തിന്റെ, അനേകർക്കുവേണ്ടി ബലി കഴിക്കുന്ന ജീവിതത്തിന്റെ പ്രതീകം. പാപികളോടൊത്ത് അവിടുന്ന് സ്വീകരിക്കുന്ന മാമോദീസ. പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ഒരു സഹന ദാസനായി യേശു തന്റെ ജീവിതദൗത്യം ആരംഭിക്കുന്നു. സ്വർഗ്ഗം മുഴുവൻ തുറന്നുകൊടുക്കണമെന്ന പിതാവിന്റെ ആഗ്രഹം യേശു സാധ്യമാക്കുന്നത് തന്റെ ജ്ഞാനസ്നാനമാകുന്ന എളിമപ്പെടലിലൂടെയാണ്. ഇവിടെ നാം ചിന്തിക്കണം - നമ്മുടെ മാർഗ്ഗങ്ങൾ അഹംഭാവത്തിന്റേതാണോ എളിമയുടേതാണോ?

ആരുടെ മുന്നിലും തോറ്റുകൊടുക്കാത്ത ഒരു സംസ്ക്കാരം നമ്മുടെ സമൂഹത്തിൽ അസമാധാനം സൃഷ്ടിക്കുന്നില്ലേ? കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നു പറയുന്നതുപോലെ, പ്രാപ്തിയും ശക്തിയും ഉള്ളവൻ എന്തും നേരിടുന്നു. ബലഹീനതയാണ് എന്റെ ശക്തി എന്നുപറയുന്ന ഒരു കുറവിന്റെ സംസ്കാരം നമുക്കില്ലാതാകുന്നു. മറിച്ച്, എനിക്ക് എല്ലാം സാധിക്കും എന്ന നിറവിൽ സംസ്കാരം രൂപപ്പെടുന്നു. തോറ്റുകൊടുക്കാനും, വിട്ടുകൊടുക്കാനും കഴിയുന്നതിന്റെ ഒരു ശക്തിയുണ്ട്. എന്റെ കൈയ്യൂക്കിലും ശക്തിയിലും അഹങ്കരിക്കുമ്പോൾ യേശുവിന്റെ എളിമയുടെയും ശാന്തതയുടെയും സ്വരം എന്റെ ഹൃദയത്തിൽ പ്രതിധ്വനിക്കണം.

മറ്റൊരു ചിന്ത യേശുവിന്റെ മാമോദീസ നമുക്ക് നൽകുന്നത് യേശുവിന്റെ ദൗത്യം തുടരാനുള്ള കടമയാണ്. മാമോദീസയിലൂടെ യേശുവിന്റെ അരൂപി ഉൾകൊണ്ട് അവിടത്തെ ദൗത്യം തുടരാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ആത്മാവിൽ നിറഞ്ഞ മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവഹിതത്തിനനസൃതമായി വളർത്തുമ്പോൾ അവർ യേശുവിന്റെ ദൗത്യം തുടരുകയാണ്. ദൈവം നമുക്ക് നൽകിയ കഴിവുകൾ സമൂഹനന്മക്കായി ഉപയോഗിക്കുമ്പോൾ യേശുവിന്റെ ദൗത്യം നാം തുടരുകയാണ്. ഉപേക്ഷിക്കപ്പെട്ടവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും, തിരസ്കൃതരോടും നാം അനുകമ്പകാണിക്കുമ്പോൾ യേശുവിന്റെ ദൗത്യം നാം തുടരുകയാണ്. പാപകരമായ ജീവിതം വെടിഞ്ഞ് കൗദാശിക ജീവിതത്തിലൂടെ അവിടുത്തെ സന്ദേശവാഹകരാകുമ്പോൾ യേശുവിന്റെ ദൗത്യത്തിൽ നാം പങ്കുചേരുകയാണ്. എളിമയുടെ,സ്നേഹത്തിന്റെ ശൂന്യവത്കരണത്തിന്റെ പാതയിലൂടെ മുന്നേറുമ്പോഴും നാം യേശുവിന്റെ ദൗത്യത്തിൽ പങ്കുചേരുകയാണ്. അവിടുത്തെ ദൗത്യത്തിൽ പങ്കുചേരുന്നതിലും തുടരുന്നതിലും സന്തോഷിച്ച് ദൈവം നമ്മെ നോക്കി പറയട്ടെ - നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# വന്നുകാണുക

1 സാമു. 3, 3b മുതൽ 10 വരെ, 19 | 1 കോറി. 6: 13C-15a, 17-20. | യോഹ. 1:35-42

വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായത്തിൽ 35 മുതലുള്ള വാക്യങ്ങളിൽ യേശുവിന്റെ പിന്നാലെ പോകുന്ന ശിഷ്യന്മാരെപ്പറ്റിയും യേശു അവരോട് ചോദിക്കുന്ന ചോദ്യത്തെപ്പറ്റിയും വിവരിച്ചിരിക്കുന്നു.

"നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" എന്ന ചോദ്യമാണ് കർത്താവ് ഉയർത്തുന്നത്. ക്രിസ്തു ശിഷ്യരായ നാമെല്ലാവരോടും അവിടുന്ന് ചോദിക്കുന്ന ഒരു ചോദ്യമാണിത്. അത്ഭുതങ്ങളും അടയാളങ്ങളും അന്വേഷിച്ച് ഓടിനടക്കുന്നവരുണ്ട്. താൽക്കാലിക ലാഭങ്ങൾ തേടുന്നവരുണ്ട്. അത്ഭുതകരമായ രോഗശാന്തി നേടുന്നവരുണ്ട്. എന്നാൽ ഇതൊന്നുമായിരിക്കരുത് നമ്മുടെ അന്വേഷണ കേന്ദ്രം. അങ്ങ് വസിക്കുന്നതെവിടെയാണ്? ഇതായിരുന്നു ശിഷ്യന്മാരുടെ അന്വേഷണബിന്ദു.

ഓരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് കർത്താവിന്റെ വാസസ്ഥലം അന്വേഷിക്കാനാണ്. ഗുരുവിന്റെ വാസസ്ഥലം അന്വേഷിക്കുന്നവന് ഒരിക്കലും നിരാശനാകേണ്ടിവരില്ല. "വന്നുകാണുക..." എന്ന ഉറച്ച മറുപടി അവർക്ക് ലഭിക്കുന്നു. അവർ ചെന്ന് അവന്റെ വാസസ്ഥലം കണ്ടെത്തി. പിതാവിന്റെ ഹൃദയത്തിൽ വസിക്കുന്ന പുത്രനെ അവർ കണ്ടു. ആ വാസസ്ഥലം അവരുടെയും വാസസ്ഥലമായി അവൻ മാറ്റി. നമ്മെ ഓരോരുത്തരേയും കർത്താവ് വിളിച്ചിരിക്കുന്നത് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വാസസ്ഥലം കണ്ടെത്താനാണ്. പ്രാർഥന വഴി, വചന ധ്യാനം വഴി, കൗദാശിക ജീവിതം വഴി, കർത്താവിൽ ഒരു വാസസ്ഥലം ഞാൻ കണ്ടെത്തണം. അങ്ങനെ കണ്ടെത്തിയാൽ ലോകത്തിലെ കാറ്റിലും കോളിനും എന്നെ ഇളക്കാൻ കഴിയില്ല. കർത്താവിനെ മൂന്ന് സ്ഥലങ്ങളിൽ നാം അന്വേഷിക്കണം. വിശുദ്ധ കുർബാനയിലും വിശുദ്ധ ബൈബിളിലും വിശുദ്ധ കുരിശിലും. ഈ അന്വേഷണം തുടരുന്നവർ ആത്മാവിൽ കരുത്തുള്ളവരായി തീരും.

കർത്താവിന്റെ കൂടെ താമസിക്കുന്നവർക്ക് മറക്കാനാവാത്ത അനുഭവങ്ങൾ അവിടുന്ന് തരുന്നു. അത് പത്താം മണിക്കൂറായിരുന്നെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഓർമയിൽ സൂക്ഷിക്കാൻ ഒരു മണിക്കൂർ നമുക്ക് ആവശ്യമാണ്. യേശുവിന്റെ കൂടെയുള്ള മണിക്കൂർ അനുഗ്രഹത്തിന്റെ മണിക്കൂർ ആണ്. നവീകരണ ധ്യാനങ്ങളിൽ പങ്കെടുക്കുന്നവർ ഒരിക്കലും മറക്കാത്ത ദൈവാനുഭവത്തിന്റെ ദിവസങ്ങളെക്കുറിച്ച് പറയാറുണ്ട്. അങ്ങനെയുള്ള പ്രത്യേക മണിക്കൂർ അനുഭവിച്ചവർ പിന്നീട് കർത്താവിനെ വിട്ടുപിരിഞ്ഞിട്ടില്ല. ഇന്നത്തെ ലോകത്തിന് പ്രത്യേകം ഓർക്കാൻ മണിക്കൂറില്ല. അതിനെ ആർജിച്ചു തന്നെ എടുക്കണം.

അന്ത്രയോസ് എന്ന ശിഷ്യനെ നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. അധികമൊന്നും ശ്രദ്ധിക്കപ്പെടാത്ത ആളാണ് അന്ത്രയോസ്. അദ്ദേഹം എപ്പോഴെല്ലാം ക്രിസ്തുവിന്റെ അടുക്കൽ വരുന്നോ അപ്പോഴെല്ലാം ആരെയെങ്കിലും കൂട്ടിക്കൊണ്ടുവരുന്നു. ആദ്യമായി സഹോദരൻ ശിമയോനെ കൊണ്ടുവന്നു. പിന്നീട് എത്യോപ്യാക്കാരൻ ഷണ്ഡനെ കൊണ്ടുവന്നു. അവസാനം ഒരു ബാലനെ അവന്റെ അഞ്ച് അപ്പത്തോടും രണ്ട് മത്സ്യത്തോടുമൊപ്പം കൂട്ടിക്കൊണ്ടുവന്നു. മറ്റുള്ളവരെ കർത്താവിന്റെ അടുക്കൽ കൊണ്ടുവരുവാനും അവരെ രൂപാന്തരപ്പെടുത്താനും നമുക്ക് കഴിയുന്നുണ്ടോ.

ശിമയോനെ നോക്കി യേശു വിളിച്ചത് "കേപ്പാ" എന്നാണ്. ഇളകുന്നവൻ എന്നർഥം വരുന്ന പേരുള്ളവനെ 'ഉറച്ചവൻ' എന്നർഥമുള്ള 'കേപ്പാ' (പാറ) എന്ന് കർത്താവ് വിളിച്ചു. ഒരിക്കൽ ദൈവത്തെ അനുഭവിച്ചവർക്കും മാറ്റം സംഭവിക്കും. പഴയനിയമകാലഘട്ടത്തിൽ അബ്രഹാമും സാറയുമെല്ലാം പേരിൽ മാറ്റം വന്നവരാണ്. യേശുവിനെ കാണുവാനായി കാലിത്തൊഴുത്തിൽ കടന്നുചെന്നവർ മറ്റൊരുവഴിയേ തിരിച്ചുപോയി എന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സാവൂൾ പൗലോസായും, ശിമയോൻ കേപ്പയായും മാറി. സെന്റ് അഗസ്റ്റിനും ഫ്രാൻസിസ് അസീസ്സിയും ഫ്രാൻസിസ് സേവ്യറുമെല്ലാം കർത്താവിന്റെ അടുത്തുവന്ന് വചനം കേട്ട് മാറ്റംവന്നവരാണ്. ഈ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് തിരിച്ചുപോകുന്ന നമ്മൾ പഴയ വഴിയേ പോകരുത്. പഴയ ചിന്താരീതികളും സംസാരരീതികളും നാം ഉപേക്ഷിക്കണം. പുതിയ മനുഷ്യരായി നാം മാറണം. അതിനുള്ള വലിയ കൃപയ്ക്കായി നമുക്ക് പ്രാർഥിക്കാം. ■

നീർച്ചാലുകൾ

ഫാ. തോമസ് ജെ. നെറ്റോ

# സമയം സമാഗതമായി

യോഹ. 3, 1-5, 10 | 1 കൊറി. 7: 29-31 | മർക്കോ. 1: 14-20

യേശുവിന്റെ ദൈവരാജ്യ പ്രഖ്യാപനവും (മാർക്കോ. 1: 14-15) ആദ്യ ശിഷ്യന്മാരെ വിളിക്കുന്നതുമാണ് (1: 16-20), ഇന്നത്തെ സുവിശേഷഭാഗം.

"സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ." ഈ വാക്കുകളോടെയാണ് യേശു തന്റെ പരസ്യജീവിതം സമാരംഭിക്കുന്നത്. ഇതുതന്നെയാണ് യേശുവിന്റെ ജീവിതദൗത്യ സംഗ്രഹവും.

'സമയം പൂർത്തിയായി' എന്നതിനർത്ഥം യേശുവിൽ ദൈവത്തിന് പ്രവർത്തിക്കുവാനുള്ള നിർണായക നിമിഷം ആഗതമായി എന്നും യേശുവിൽ ദൈവരാജ്യം അഥവാ ദൈവത്തിന്റെ സ്നേഹഭരണം സംജാതമായിരിക്കുന്നു എന്നുമാണ്. യേശുവിന്റെ ശുശ്രൂഷയുടെയും സന്ദേശത്തിന്റെയും അന്തഃസത്ത ദൈവരാജ്യ പ്രഘോഷണമാണ്.

ജനഹൃദയങ്ങളിൽ ദൈവം നടത്തുന്ന സ്നേഹ വാഴ്ചയേയും പ്രവർത്തനങ്ങളെയുമാണ് 'ദൈവരാജ്യം' എന്ന പദം സൂചിപ്പിക്കുക. ദൈവരാജ്യമെന്നാൽ ദൈവത്തിന്റെ സ്നേഹം ഭരിക്കുന്ന അവസ്ഥയാണ്. അതൊരു ഭൂപ്രദേശമല്ല. യേശു ഉപമകളിലൂടെ ദൈവരാജ്യത്തിന്റെ വിവിധ വശങ്ങളെയും സവിശേഷതകളെയും വിശദീകരിച്ചു. അത്ഭുതപ്രവർത്തികളിൽലൂടെ ദൈവരാജ്യ അനുഭവം ആളുകൾക്ക് പകർന്നുനൽകി.

ദൈവരാജ്യം ഒരു വർത്തമാനകാല യാഥാർഥ്യമാണ്. അതേസമയം ഭാവിയിൽ ഇനിയും പൂർണമാകാനിരിക്കുന്ന ഒന്നുമാണ്.

അനുതാപവും വിശ്വാസവുമാണ് ദൈവരാജ്യ പ്രവേശനത്തിനുള്ള പ്രധാന മാർഗം. ദൈവരാജ്യം ദൈവികവും മാനുഷീകവുമാണ്. ദൈവത്തിന്റെ സ്നേഹഭരണം ലോകത്തിൽ യാഥാർഥ്യമാകുന്നത് ദൈവത്തിന്റെ പ്രവർത്തനത്തോട് മനുഷ്യന്റെ സഹകരണം ഒത്തുചേരുമ്പോഴാണ്. ഹൃദയ പരിവർത്തനത്തിലൂടെയും ജീവിത നവീകരണത്തിലൂടെയും പ്രകടമാകുന്ന പ്രത്യുത്തരവും ഭാഗഭാഗിത്വവുമാണ് മനുഷ്യരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ഇതിന് ഉദാഹരണങ്ങൾ സുവിശേഷങ്ങളിൽ കാണാം. ഹൃദയ പരിവർത്തനത്തിന് വിധേയനായി തന്റെ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിവരുന്ന ധൂർത്തപുത്രനും (ലൂക്ക. 15: 11-32), പശ്ചാത്താപം നിറഞ്ഞ മനസ്സോടെ ദൈവാലയത്തിൽ പ്രാർഥിക്കുന്ന ചുങ്കക്കാരനും (ലൂക്ക. 18: 10-14), കണ്ണീരൊഴുക്കി മാപ്പപേക്ഷിക്കുന്ന പാപിനിയായ സ്ത്രീയും (ലൂക്ക. 7: 36-50), മാനസാന്തരപ്പെട്ട് പരസ്നേഹത്തിന്റെ ജീവിതത്തിന് തുടക്കംകുറിക്കുന്ന സക്കേവൂസും (ലൂക്ക.19: 1-10) ഇന്ന് നമ്മെ ഓരോരുത്തരേയും പ്രചോദിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു.

യേശുവിന്റെ ആഹ്വാനം മനുഷ്യരുടെ ഭാഗത്തുനിന്നുള്ള നിർണായകമായ തീരുമാനത്തിനുള്ള ആഹ്വാനമാണ്. ഒന്നുകിൽ നാം ദൈവത്തിന്റെ ആഹ്വാനം സ്വീകരിക്കുക. അല്ലെങ്കിൽ ഈ ലോകത്തിന്റെ ആഹ്വാനത്തെ പിന്തുടരുക.

യേശുവിൽ സംജാതമായ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും പൂർണതയ്ക്കും ഈ ലോകത്തിൽ ശുശ്രൂഷ ചെയ്യുകയാണ് വിശ്വാസികളായ ഓരോരുത്തരുടെയും സഭാസമൂഹത്തിന്റെയും കടമ. നമുക്ക് ദൈവത്തിന്റെ സ്നേഹഭരണത്തോട് സദാ ആഭിമുഖ്യം പുലർത്തി അതിന്റെ പൂർണതയ്ക്കായി ഇന്നത്തെ നമ്മുടെ ജീവിത പരിസരങ്ങളിൽ - കുടുംബത്തിൽ, കുടുംബ കൂട്ടായ്മകളിൽ, ഇടവകയിൽ, പൊതുസമൂഹത്തിൽ - എളിയ സേവകരാകാം. നമുക്ക് അനുതപിക്കാം. സുവിശേഷത്തിൽ വിശ്വസിക്കാം.

ആദ്യ ശിക്ഷന്മാരെ വിളിക്കുന്നതാണ് ഇന്നത്തെ സുവിശേഷത്തിലെ രണ്ടാം ഭാഗം. ദൈവരാജ്യമെന്ന ദൈവത്തിന്റെ ദാനത്തിന് മനുഷ്യർ നൽകുന്ന പ്രത്യുത്തരത്തിന്റെ അർഥം ഇതിൽ തെളിഞ്ഞുകാണാം.

മത്സ്യബന്ധനം, പ്രധാന തൊഴിലായി സ്വീകരിച്ചിരുന്നവരെയാണ് യേശു വിളിക്കുന്നത്: "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം." യേശു തന്റെ ദൗത്യത്തിൽ പങ്കാളികളാകാൻ ശിഷ്യരെ വിളിക്കുന്നു. വിളിപോലെ തന്നെ ശിഷ്യരുടെ പ്രത്യുത്തരവും പെട്ടെന്നായിരുന്നു. അവർ എല്ലാം ഉപേക്ഷിച്ച് അവിടുത്തെ അനുഗമിച്ചു. വിളി ശ്രവിക്കുന്നവരുടെ ജീവിതങ്ങളിലെ മുൻഗണനകൾ മാറിമറിയുന്നു. ഇതുവരെ തങ്ങൾക്ക് സ്വന്തമായവരെയും തങ്ങൾ സ്വന്തമായി കരുതിയതൊക്കെയും വിട്ടുപേക്ഷിച്ച് യേശുവിനെയും സുവിശേഷത്തെയും അവർ സ്വന്തമായി സ്വീകരിക്കുന്നു. ഈ വിളി യേശു ഇന്നും തുടരുന്നു. നമ്മുടെ ഇടവകകളിലും ബിസിസികളിലും ഇടവക കൗൺസിലിലും അതിരൂപതയുടെ വിവിധ ശുശ്രൂഷാ സംവിധാനങ്ങളിലും നേതൃത്വത്തിലേക്ക് അവിടുന്ന് വിളിക്കുന്നു. ആ വിളികേട്ട് ഉചിതമായി പ്രത്യുത്തരിക്കാൻ കഴിയുമ്പോൾ നാമും ഇന്നത്തെ ചുറ്റുപാടിൽ മനുഷ്യരെ സുവിശേഷത്തിലേക്ക് അടുപ്പിക്കുന്നവരാകും. നമുക്ക് അതിന് കഴിയട്ടെ. ■

നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

# ക്രിസ്തുവാണ് അധികാരി

നിയമ. 18: 15-20 | 1 കൊറി. 7: 32-35 | മർക്കോ. 1: 21-28

വിശുദ്ധഗ്രന്ഥം ദൈവ-മനുഷ്യ ബന്ധത്തിന്റെ സ്നേഹഗാഥയാണ്. ആ സ്നേഹഗാഥയുടെ ശീലുകളിൽ അനുസരണക്കേടിന്റെയും നുണയുടെയും കൗശലത്തിന്റെയും വിഷം പുരട്ടി ദുഷ്ടാത്മാവ് ജീവിതത്തെ താളം തെറ്റിയ താരാട്ടാക്കിത്തീർക്കുന്നു. പിശാചു ബാധിതനായ മനുഷ്യന്റെ ജീവിതത്തിൽ നിന്നും അശുദ്ധാത്മാവിനെ യേശു പുറത്താക്കിയപ്പോൾ അവിടെയുണ്ടായിരുന്നവരുടെ പൂമുഖങ്ങളിൽ അത്ഭുതത്തിന്റെയും അതിശയത്തിന്റെയും മിന്നലൊളി പ്രകാശിച്ചു.

ദൈവത്തിനെതിരെ കൊമ്പു കോർക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന പിശാചിന്റെ കൗശലങ്ങൾ വിശുദ്ധഗ്രന്ഥത്തിലുടനീളമുണ്ട്. ഉൽപ. 3:1 ൽ ദൈവമായ കർത്താവ് സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വച്ച് കൗശലമേറിയതായിരുന്നു സർപ്പം. ഈ സർപ്പം ആദിമാതാപിതാക്കളുടെ ഹൃദയങ്ങൾ കവർന്ന് ദൈവകല്പന ലംഘിക്കാൻ പ്രേരിപ്പിച്ചു. അതിന്റെ ഫലമായി പറുദീസ നഷ്ടമായി. ജോബ് 1: 8-10 ൽ സത്യസന്ധനും നിഷ്കളങ്കനും ദൈവത്തെ ഭയപ്പെടുത്തുന്നവനും തിന്മയിൽ നിന്നും അകന്ന് ജീവിക്കുന്നവനുമായ ജോബിന്റെ ജീവിതത്തിലേക്ക് ദൈവത്തെ വെല്ലുവിളിച്ചുകൊണ്ട് സാത്താൻ രംഗപ്രവേശനം ചെയ്യുന്നു... തോബിത്ത് 3:8 ൽ വിവാഹജീവിതത്തിന്റെ പരിശുദ്ധിയ്ക്കും പവിത്രതയ്ക്കുംവേണ്ടി പ്രാർഥനയോടെ കാത്തിരുന്ന സാറായുടെ ജീവിതത്തെ ക്ലേശപൂർണമാക്കിയ ദുഷ്ടാരൂപിയുടെ പേര് ആസ്മോദേവൂസ് എന്നാണ്.. മത്താ. 4:1 ൽ പിശാചിനാൽ പരീക്ഷിക്കപ്പെടാൻ മരുഭൂമിയിലേക്ക് നയിക്കപ്പെടുന്ന യേശുവിനെ അവതരിപ്പിക്കുന്നു. വെളി. 12:9 ൽ സർവലോകത്തെയും വഞ്ചിക്കുന്ന സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന പുരാതന സർപ്പം ഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ടുട്ടുണ്ട് എന്ന് എഴുതിയിരിക്കുന്നു.

'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ, ക്രൈസ്തവ ജീവിതം നിരന്തരമായ ഒരു പോരാട്ടമാണെന്നും... തിന്മയുടെ അധിപനായ പിശാചിനെതിരെയുള്ള നിരന്തരമായ ഒരു കഠിനയത്നം കൂടിയാണതെന്നും.... ദുഷ്ടാരൂപി ഒരു ഐതിഹ്യമോ ഒരു ചിത്രീകരണമോ ഒരു പ്രതീകമാമോ ഒരു അലങ്കാരമോ ഒരാശയമോ അല്ലെന്നും... അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റിനടക്കുന്ന പിശാച് കുടുംബങ്ങളെയും സമൂഹങ്ങളെയും നശിപ്പിക്കുന്നുവെന്നും ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നു.

സഭാ പിതാക്കന്മാർ ദുഷ്ടാരൂപിയെ നിർവചിക്കുന്നുണ്ട്. വി. ഗ്രിഗറി പിശാചിനെ വിളിച്ചത് - 'മനുഷ്യനിലെ അസൂയയുള്ള മാലാഖ' എന്നാണ്. വിശുദ്ധ ബർണബാസ് പിശാചിനെ മൂന്നു വാക്കുകളിലാണ് വർണിക്കുക - മോശമായവൻ; ദുഷ്ടൻ; നീതിയില്ലാത്തവൻ. ഒരു മനുഷ്യനിൽ അസൂയയുടെയും അഹങ്കാരത്തിന്റെയും അധികാരത്തിന്റെയും അംഗീകാരത്തിന്റെയും കുടിലതയിലൂടെയും അനിതീയുടെയും രൂപത്തിലും ഭാവത്തിലും പിശാച് കടന്നുവരാം.

പൗലോ കൊയ്ലോയുടെ മനോഹരമായ ഒരു നോവലുണ്ട്. 'ചെകുത്താനും ഒരു പെൺകിടാവും' എന്നാണതിന്റെ പേര്. പതിനൊന്നു സ്വർണ്ണക്കട്ടികളും ഒരു നോട്ട്ബുക്കുമായി അപരിചിതനായ ഒരാൾ (പിശാച്) വിസ്കോസ് ഗ്രാമത്തിലെത്തുന്നു. തന്നെ അലട്ടിക്കൊണ്ടിരുന്ന ഒരു ചോദ്യത്തിനുത്തരം തേടിയായിരുന്നു അവന്റെ വരവ്. മനുഷ്യൻ നല്ലവരോ ചെകുത്താൻമാരോ? ഇതിനുത്തരം ലഭിക്കാനുള്ള പരീക്ഷണം നടത്താനായിരുന്നു ശാന്തമായ ആ ഗ്രാമത്തിലേക്ക് അയാളെത്തിയത്. സന്തോഷം തേടി നടന്ന ഷാന്റാൾ എന്ന പെൺകുട്ടിയെ അയാൾ തന്റെ കൂട്ടാളിയായി തെരഞ്ഞെടുത്തു. പിന്നീട് ആ ഗ്രാമത്തിലെ ഓരോരുത്തർക്കും ജീവിതം, മരണം, അധികാരം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ നേരിടേണ്ടിവരുന്നു. മാത്രമല്ല, ഓരോരുത്തരും സ്വന്തം വഴി തെരഞ്ഞെടുക്കേണ്ടതായും വന്നു. ഓരോ മനുഷ്യന്റെയും ആത്മാവിലുള്ള ഇരുട്ടും വെളിച്ചവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഈ നോവലിൽ വിവരിക്കുന്നത്.

ദുഷ്ടാരൂപിയുടെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാനും (എഫേ. 6:11), ദുഷ്ടന്റെ ജ്വലിക്കുന്ന ക്രൂരമ്പുകളെ കെടുത്തുന്നതിനും (എഫേ. 6:16) വിശ്വാസ നിർഭരമായ പ്രാർഥന... ദൈവ വചനത്തെക്കുറിച്ചുള്ള ധ്യാനം... ദിവ്യബലിയിലുള്ള പങ്കാളിത്തം... ദിവകാരുണ്യ ആരാധന... കൗദാശിക അനുരഞ്ജനം... ഉപവിപ്രവർത്തനങ്ങൾ... എന്നിവയ്ക്ക് കഴിയും. ദുഷ്ടനെയും ദുഷ്ടതയെയും തോൽപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗങ്ങളാണിവ. ആത്മീയ പോരാട്ടത്തിൽ വിജയപതാക ഉയർത്തുവാൻ ക്രിസ്തുസാന്നിധ്യം തുളുമ്പുന്ന കർമ്മങ്ങളാണിവ. ഉള്ളിലും ഉടലിലും അലയടിക്കുന്ന അശുദ്ധാത്മാവിനെ സ്നേഹക്കാറ്റൂതി പുറത്താക്കാൻ ക്രിസ്തുദേവാ ഞങ്ങളിൽ നിറയുകയെന്ന് പ്രാർഥിക്കാം! ■



# വചനജ്വാല

**2021 ജനുവരി മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# പ്രകാശം നിറഞ്ഞ ജീവിതത്തിന്

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. യേശുവിനെ ക്ഷണിക്കൽ

പ്രതീക്ഷയും പ്രകാശവും നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ നവീകരിക്കുന്നതിനായി വെളിച്ചമായി ജീവനായി കടന്നുവന്ന ദൈവപുത്രനായ യേശുവിനെ നമ്മുടെ ജീവിതങ്ങൾക്ക് ഉണർവും ഓജസ്സും നൽകുന്നതിനും കുടുംബങ്ങൾ നവീകരിക്കപ്പെടുന്നതിനുമായി ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 4. വചനഗീതി

### 5. ദൈവവചന പാരായണം

ലൂക്കാ 11:33-36

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 6. വചനവിചിന്തനം

എല്ലാവർക്കും കാണത്തക്കവിധം പീഠത്തിൽ വയ്ക്കപ്പെട്ടിരിക്കുന്ന വിളക്ക് അല്ലെങ്കിൽ വെളിച്ചം യേശു തന്നെ എന്നാണ് ഇവിടെ ദൃഷ്ടാന്തരൂപത്തിൽ അവതരിപ്പിക്കപ്പെടുന്ന വെളിച്ചം വ്യക്തമാക്കുന്നത്. യേശു എന്ന വെളിച്ചം മൂടിയല്ല വച്ചിരിക്കുന്നത്. ജനങ്ങൾ ആ വെളിച്ചം കാണുന്നില്ലെങ്കിൽ അവരുടെ കണ്ണിനാണു കുഴപ്പം മാത്രവുമല്ല ആത്മീയാന്ധതയിലാണവർ കഴിയുന്നത്. പുതിയ പ്രേക്ഷിതമേഖലയിൽ വെളിച്ചം പ്രസരിപ്പിക്കുന്നവരാകാൻ ഇതു ശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്നു. അവർ മുഴുവനായും വചനത്തിന് ഹൃദയം തുറന്നവരും അതിൽ പ്രകാരം പ്രവർത്തിക്കുന്നവരുമാകണം. ശരീരത്തിന്റെ ഒരു ഭാഗവും ഇരുട്ടിലായിരിക്കാത്തവിധം യേശുവിന്റെയും അവിടത്തെ വചനത്തിന്റെയും യഥാർത്ഥ വെളിച്ചം കൊണ്ട് അവൻ പ്രകാശിക്കപ്പെടും. ദൈവം നമ്മുടെ ഈ ലോകജീവിതത്തെ നമ്മിൽ സുനിശ്ചിതമായും സജീവമായും സന്നിഹിതനായി പ്രകാശിപ്പിക്കുന്നു. മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ടു നാം ദൈവത്തിങ്കലേക്കു ഹൃദയം തുറക്കുന്നില്ലെങ്കിൽ നമ്മിൽത്തന്നെ നമുക്കു ശ്വാസംമുട്ടൽ അനുഭവപ്പെടും. ദൈവത്തിന്റെ സാന്നിധ്യവും ക്ഷണവും നമ്മുടെ ജീവിതത്തിൽ, ചരിത്രത്തിൽ, ഈ ലോകത്തിൽ സജീവമായിരിക്കുന്നു എന്നുതന്നെ. ഈ പ്രപഞ്ചത്തെ, ചരിത്രത്തെ രൂപപ്പെടുത്തിയതും നയിക്കുന്നതും ദൈവം തന്നെയാണ്. ലോകത്തിന്റെ പരിപാലകനും വെളിച്ചമാണ് ദൈവം. ഈ പുതിയ വർഷത്തിൽ ശുശ്രൂഷയുടെയും സാഹോദരത്തിന്റെയും, ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും, ഉപവിയുടെയും വെളിച്ചം പകർന്നു നല്കാൻ നമുക്കാവട്ടെ.

### 7. ചർച്ച

a. പുതിയ വർഷത്തിൽ ദൈവമാകുന്ന പ്രകാശത്തെ സ്വന്തമാക്കാൻ നമ്മൾ എന്തുചെയ്യണം?

b. ദൈവ വചനത്തിലൂടെ അടിസ്ഥാന ക്രൈസ്തവ ശുശ്രൂഷ സമിതികളെ എങ്ങനെ നമുക്ക് മെച്ചപ്പെടുത്താം?

### 8. റിപ്പോർട്ട്

### 9. ഹാജർ

### 10. പൊതു അറിയിപ്പ്

### 11. വിശ്വാസികളുടെ പ്രാർത്ഥന

### 12. സമാപനഗാനം

### 13. നന്ദി

*തയ്യാറാക്കിയത്:*
**ഫാ. സുരേഷ് പയസ്**
ബിസിസി എക്സി. സെക്രട്ടറി
തിരു. അതിരൂപത

ജെ. സി



# Let Us Dream : The Path to a better future

*(കോവിഡ്കാലത്തെ മുൻനിറുത്തിയുള്ള ഫ്രാൻസിസ് പാപ്പയുടെ പുസ്തകം)*

ഫ്രാൻസിസ് പാപ്പ, ബ്രിട്ടീഷ് മാധ്യമ പ്രവർത്തകൻ ഡോക്ടർ ഓസ്റ്റിൻ ഇവറേയുമായി ചേർന്ന് തയ്യാറാക്കിയ പുസ്തകമാണിത്. സാഹോദര്യത്തിന്റെ മഹാസന്ദേശം നൽകുന്ന ചാക്രിക ലേഖനം കഴിഞ്ഞ ഒക്ടോബറിലാണ് പ്രസിദ്ധീകരിച്ചത്. പരസ്പരം സഹകരിച്ചും സഹായിച്ചും മാത്രമേ കോവിഡ് മഹാമാരിയിൽ നിന്നും നമുക്ക് കരകയറാനാവൂ എന്നും കോവിഡിനൊപ്പം അനീതിയുടെയും അസമത്വത്തിന്റെയും, സ്വാർത്ഥതയുടെയും വൈറസിനെ കൂടി നശിപ്പിക്കേണ്ടതുണ്ടെന്നു അദ്ദേഹം പറഞ്ഞത് ലോകം മുഴുവൻ ഹൃദയപൂർവം കേൾക്കുകയും ചെയ്തു. ഭൂമിയെ നാശത്തിൽ നിന്നും രക്ഷിക്കാൻ അടിയന്തര നടപടികൾ ആവശ്യമാണെന്നും പാപ്പ അഞ്ചുവർഷം മുൻപ് നിർദ്ദേശിച്ചത് 'ലൗദാത്തോസി' എന്ന ചാക്രിക ലേഖനത്തിലാണ്. സാധാരണയായി ചാക്രിക ലേഖനങ്ങളും പുസ്തകങ്ങളും അതതുകാലത്തെ മാർപാപ്പമാർ കത്തോലിക്കാസഭയിലെ വിശ്വാസി സമൂഹത്തിന് വേണ്ടിയാണ് എഴുതുന്നത്. എന്നാൽ ലോകത്തിലെ സകലമനുഷ്യർക്കും വേണ്ടിയാണ് ഫ്രാൻസിസ് പാപ്പ തന്റെ ലേഖനങ്ങളും പുസ്തകങ്ങളും എഴുതുന്നത്. ഇത് വിശ്വാസ ജീവിതത്തെപ്പറ്റി ഒരു സെക്കുലർ സമീപനം നൽകുന്നു. ഒരു മത ജീവിത സമീപനത്തിൽ നിന്ന് മതത്തിനതീതമായ ആത്മീയതയുടെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയുടെ സമീപനമാണിത്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ലോകത്തിലെ എല്ലാ മനുഷ്യരെയും മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു സമീപനമാണിത്.

കോവിഡ് പ്രതിസന്ധി ഏറ്റവുമധികം ബാധിച്ചത് സ്ത്രീകളെയാണെന്നും പിടിച്ചുനിൽക്കാനുള്ള ശേഷി തെളിയിച്ചത് അവരാണെന്നും പാപ്പ പറഞ്ഞുവയ്ക്കുന്നു. അവരാണ് ഭരണ നിർവഹണത്തിൽ പുരുഷന്മാരേക്കാൾ മെച്ചമെന്ന് പാപ്പ പറയുന്നു. സ്ത്രീകൾ പ്രസിഡന്റോ പ്രധാനമന്ത്രിയോ ആയിട്ടുള്ള രാജ്യങ്ങളിൽ കോവിഡ് പ്രശ്നത്തോട് മെച്ചപ്പെട്ട രീതിയിൽ പ്രതികരിച്ചുവെന്ന് ചൂണ്ടിക്കാണിക്കുന്നു. ഒരേസമയം മനസ്സിന്റെയും ഹൃദയത്തിന്റെയും കൈകളുടെയും ഭാഷ സംസാരിക്കാൻ ശേഷിയുള്ള മുഴുവൻ വനിതകൾക്കുമുള്ള സ്നേഹ ഉപഹാരം കൂടിയാണ് ഈ പുസ്തകം. ലോക്ഡൗൺ കാലത്ത് ആരോഗ്യരംഗത്തുള്ള നഴ്സുമാരുടെയും ഡോക്ടർമാരുടെയും മറ്റ് ആതുരസേവകരുടെയും സേവനങ്ങളെ പാപ്പ ആദരപൂർവ്വം സ്മരിക്കുകയും അവരുടെ സാമൂഹ്യ പ്രതിബദ്ധതയെ വാഴ്ത്തുകയും ജീവിക്കുന്ന വിശുദ്ധരായി അവരെ പരിഗണിക്കുകയും ചെയ്യണമെന്ന് നമ്മോട് ആവശ്യപ്പെടുന്നു. മഹാകവി ടാഗോറിനെ അനുസ്മരിച്ചുകൊണ്ട് "അകലത്തുള്ളവരെ അരികിലും അപരിചിതനെ സോദരരുമാക്കിയതിന് ദൈവത്തിന് നന്ദിപറയുന്ന ഗീതാഞ്ജലിയിലെ വാക്കുകൾ പാപ്പ ഉദ്ധരിക്കുന്നുമുണ്ട്. ഒരു ജനതയെ മുന്നിൽ കണ്ടുകൊണ്ടുള്ള ചിന്ത വളർത്തിയെടുക്കാൻ നാം ശ്രമിക്കണമെന്ന് കോവിഡ് അനന്തരകാലഘട്ടത്തിൽ നാം തിരിച്ചറിയണം. കോവിഡ് നമുക്കൊരു ഭീഷണിയായി കാണാതെ ഒരു സാധ്യതയായി കാണണമെന്ന് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാ പരമ്പരാഗതമായ രീതികളിൽ നിന്നും ചിന്തകളെ മറ്റൊരു വഴിയിലേക്ക് മാറ്റിവിടുകയാണ് പാപ്പ. സെൽഫി സംസ്കാരത്തിൽ നിന്നും പുതിയൊരു മാനവികതയിലേക്ക് കോവിഡ് അനന്തരകാലഘട്ടം നമ്മെ നയിക്കട്ടെ. ■

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto